# ബാല്യം

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബുള്ളറ്റിൻ

വാല്യം – മൂന്ന് ലക്കം – പതിമൂന്ന് 2022 മാർച്ച് പ്രത്യേക പതിപ്പ്

## ബാലസൗഹൃദ കേരളം സമൂഹത്തിന്റെ ഉത്തരവാദിത്തം



കോവിഡ് 19 മൂന്നാം തരംഗം, കുട്ടികളുടെ സുരക്ഷ സംബന്ധിച്ച റിപ്പോർട്ട് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ ബഹു. മുഖ്യമന്ത്രിയ്ക്ക് കൈമാറുന്നു. കമ്മീഷൻ അംഗങ്ങൾ സമീപം.

ഒരു നാടിന്റെ സമ്പത്തും, ശക്തിയും, വാഗ്ദാനവുമെല്ലാം കുട്ടികളാണ്. സ്നേഹവും കാരുണ്യവും സത്യസന്ധതയും കൊണ്ട് ലോകത്തെ കീഴടക്കേണ്ട ഭാവി വാഗ്ദാനമായ കുട്ടികൾക്ക് ആഹ്ലാദകരവും അനുയോജ്യമായതുമായ ലോകം സൃഷ്ടിക്കേണ്ടത് ആധുനിക കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സമൂഹത്തിൽ സ്നേഹ സൗഹൃദങ്ങളുടെ പാലങ്ങൾ കെട്ടിപ്പടുക്കുന്ന കുഞ്ഞുങ്ങളുടെ കുരുന്നു ഭാവനകളും സ്വപ്നങ്ങളുമാണ് രാഷ്ട്രത്തിന്റെ വികസനവും പുരോഗതിയും നിർണ്ണയിക്കുന്നത്. കുട്ടികളെ സ്വപ്നം കാണാൻ പഠിപ്പിക്കുകയും അവരുടെ സ്വപ്നത്തിലേക്ക് അവരെ നയിക്കേണ്ടവരും നമ്മളാണ്. അതുകൊണ്ടുതന്നെ സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളെക്കാൾ പ്രാധാന്യം നൽകിക്കൊണ്ടുള്ള നിയമവ്യവസ്ഥകളാണ് ഇന്ത്യൻ ഭരണഘടന കുട്ടികളുടെ സുരക്ഷയ്ക്കായി നടപ്പിലാക്കിയിരിക്കുന്നത്.

കുട്ടികളുടെ സുരക്ഷിത ബാല്യത്തിനും, അവകാശ സംരക്ഷണത്തിനുമായി നിരവധി നിയമങ്ങളും ചട്ടങ്ങളും സംവിധാനങ്ങളുമുള്ള നാടാണ് നമ്മുടേത്. ഇത്തരം സംവിധാനങ്ങൾ എല്ലാം ഏറെ ജാഗ്രതയോടെ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും, നിലവിലുള്ള നിയമവ്യവസ്ഥിതികളെക്കുറിച്ച് സമൂഹത്തിന്റെ അജ്ഞത മാറ്റിയെടുക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുമുണ്ട്. കാരണം സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും അവശ്യസന്ദർഭങ്ങളിൽ അവരെ സഹായിക്കുക എന്നതും സമൂഹത്തിലെ ഓരോ പൗരന്റെയും ഉത്തരവാദിത്തമാണ്. മാത്രമല്ല സുരക്ഷിത ബാല്യം ഓരോ കുട്ടിയുടെയും അവകാശമാണെന്നും, കുട്ടികളുടെ അവകാശ സംരക്ഷണത്തിലൂടെ നാടിന്റെ ഭാവിയാണ് സംരക്ഷിക്കപ്പെടുന്നതെന്നും ഓരോ പൗരനും ബോധ്യമുണ്ടാവുകയും വേണം.

# ബാല്യം

രാജ്യത്ത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങളിൽ കേരളം ഏറെ മുന്നിലാണ്. കുട്ടികളുടെ സംരക്ഷണത്തിനായി വർഷംതോറും വൈവിദ്ധ്യമാർന്ന പദ്ധതികളും പരിപാടികളുമാണ് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇത്തരം സംവിധാനങ്ങൾ നിലനിൽക്കുമ്പോഴും കേരളം പോലൊരു പരിഷ്കൃത സമൂഹത്തിൽ കുട്ടികൾക്ക് നേരെയുണ്ടാകുന്ന കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നു എന്നത് ഗൗരവകരമായി കാണേതുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗികവും ഗാർഹികവുമായ കുറ്റകൃത്യങ്ങൾ, സൈബർ ഇടങ്ങളിലെ കുറ്റകൃത്യങ്ങൾ, കുട്ടികൾക്കിടയിലെ ആത്മഹത്യകൾ, ലഹരിയുടെ വഴി തേടുന്ന കുട്ടികൾ, കുട്ടികൾ തന്നെ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ എന്നിവയെല്ലാം നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഈ ദുരവസ്ഥയെ നമുക്ക് മറികടക്കേതുണ്ട്. നിരന്തരമായ ഇടപെടലുകളിലൂടെ മാത്രമേ നമുക്ക് ഇത്തരം പ്രവണതകളെ ചെറുത്തുതോല്പിക്കാനാവൂ. ആഹ്ലാദഭരിതമായ ജീവിതസാഹചര്യത്തിൽ നിന്ന് കൊണ്ട് മാത്രമെ ശോഭനമായ ഭാവിയിലേയ്ക്ക് ആത്മവിശ്വാസത്തോടെ കുട്ടികൾക്ക് പറന്നുയരാൻ സാധിക്കൂ.

അതിനാൽ സമൂഹത്തിലുടനീളം കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും ബാലനീതി നിയമങ്ങളെക്കുറിച്ചും വ്യാപകമായി ബോധവത്ക്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ കാഴ്ചപ്പാടോടുകൂടിയാണ് കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ 'അവകാശാധിഷ്ഠിത ബാലസൗഹൃദ കേരളം' എന്ന ബൃഹത്തായ പ്രചാര പരിപാടിക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചത്. CHASE [Child Health and Safety Empowerment] എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ Engage, Explain, Educate, Enforce എന്നിങ്ങനെ 4 Eകൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനും, കുട്ടികളെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് സംരക്ഷിക്കുക, മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയിൽ നിന്ന് മോചിപ്പിക്കുക, ബാലവേല, ഭിക്ഷാടനം എന്നിവ തടയുക, ബാലവിവാഹം ഇല്ലാതാക്കുക, കുട്ടികളുടെ ആത്മഹത്യകൾ ഇല്ലാതാക്കുക, ലിംഗസമത്വവും പോഷകാഹാരവും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സമൂഹത്തെ ബോധവത്ക്കരിക്കുക എന്നതാണ് ഈ ബൃഹത് ആശയത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഏകദിന ശിൽപശാലകളും, സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട പരിശീലകർക്കുള്ള ദ്വിദിന പരിശീലന പരിപാടിയും നടന്നു കഴിഞ്ഞു കൂടാതെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷയ്ക്കും ഏറെ പ്രാധാന്യം നൽകുന്ന 'ബാലസൗഹൃദ കേരളം' എന്ന ഈ നൂതന ആശയത്തിന്റെ ഭാഗമായുള്ള തുടർ പരിപാടികളും നടന്നുവരികയാണ്.

തികഞ്ഞ സാമൂഹ്യബോധവും ശാസ്ത്രബോധവും ഉള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നത് പൊതുസമൂഹത്തിന്റെ സാമൂഹ്യ ഉത്തരവാദിത്തമാണ്. ഇതിനായി രക്ഷകർത്താക്കളും, അദ്ധ്യാപകരും, ഭരണകൂടവും, കോടതികളും, സന്നദ്ധപ്രവർത്തകരും അടങ്ങുന്ന പൊതുസമൂഹം ഒറ്റക്കെട്ടായി നിലകൊള്ളുന്ന സാഹചര്യത്തിൽ മാത്രമേ നമ്മൾ വിഭാവനം ചെയ്യുന്ന 'ബാലസൗഹൃദ കേരളം' എന്ന ഈ ആശയത്തിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് എത്താൻ സാധിക്കൂ. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ മാത്രമേ അവർക്കനുയോജ്യമായ ഒരു ലോകം കെട്ടിപ്പടുക്കാനും, അവരെ ഉത്തമ പൗരൻമാരാക്കി വളർത്തിയെടുക്കാനും സാധിക്കൂ എന്നാണ് ബാലാവകാശ കമ്മീഷൻ കരുതുന്നത്. അതിനാൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി വിവിധ പരിപാടികൾ നടത്തുന്നതിനും അവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപെട്ടാൽ ശക്തവും സമയബന്ധിതവുമായി ഇടപെടലുകൾ നടത്തുന്നതിനും ബാലാവകാശ സംരക്ഷണ കമ്മീഷൻ എല്ലായ്പ്പോഴും സജ്ജമാണ്.

കുട്ടികളുടെ ഉത്തമ താൽപര്യം സംരക്ഷിക്കുന്നതിനായും, അവരുടെ സംരക്ഷണവും അന്തസ്സും, ഉറപ്പുവരുത്തുന്നതിനും, വിവേചനമില്ലാത്ത സന്തോഷകരമായ ബാല്യം നൽകുന്നതിനും 'ബാലസൗഹൃദ കേരളം' എന്ന ആശയ സാക്ഷാത്ക്കാരത്തിനായി നമുക്ക് ഒരുമിച്ചു നിൽക്കാം.

**കെ. വി. മനോജ് കുമാർ**
ചെയർപേഴ്സൺ
സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ


| | |
|---|---|
| ചെയർപേഴ്സൺ | : **കെ. വി. മനോജ് കുമാർ** |
| മാനേജിംഗ് എഡിറ്റർപബ്ലിഷർ & സെക്രട്ടറി | : **അനിത ദാമോദരൻ** |
| ചീഫ് എഡിറ്റർ & രജിസ്ട്രാർ | : **പി. വി. ഗീത** |
| ഫിനാൻസ് ഓഫീസർ | : **ടി. രാധാകൃഷ്ണൻ നായർ** |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | : **സിമി എ. എസ്.** |



ഭിന്നശേഷി കുട്ടികൾക്കായിയുള്ള സഹയാത്രാ പദ്ധതിയുടെ ലോഗോ കഴക്കൂട്ടം ഡിഫറന്റ് ആർട്ട് സെന്ററിൽ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പ്രകാശനം ചെയ്യുന്നു. ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ, കമ്മീഷന്റെ ബ്രാൻഡ് അംബാസിഡർ മജീഷ്യൻ ഗോപിനാഥ് മുതുകാട്, കമ്മീഷൻ അംഗം ഫാ. ഫിലിപ്പ് പരക്കാട്ട് തുടങ്ങിയവർ സമീപം.

# ഹൃദയത്തോട് ചേർത്തുനിർത്താം നമ്മുടെ കുഞ്ഞുങ്ങളെ

**ഗോപിനാഥ് മുതുകാട്**
സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബ്രാന്റ് അംബാസഡർ

കുഞ്ഞുങ്ങൾ ദൈവതുല്യരാണ്. കളങ്കമില്ലാത്ത മനസ്സുകളുടെ ഉടമസ്ഥർ. കത്തിജ്വലിച്ച് ആളിപ്പടർന്ന് പ്രകാശം പരത്തേണ്ടവർ, പൂക്കളെ പോലെ വിടർന്ന് ചിരിച്ച് സുഗന്ധമേകേണ്ടവർ, നക്ഷത്രങ്ങളെപ്പോലെ ഉയരത്തിലെത്തേണ്ടവർ ഒരിക്കൽ കുട്ടികളെക്കുറിച്ച് ഡോക്ടർ എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞതോർക്കുന്നു You are Unique. ഈ മൂന്ന് വാക്കുകളാണ് കുട്ടി ഹൃദയത്തിലെഴുതേണ്ടത്. യു ആർ യുണിക്. ഓരോ കുട്ടിയും വ്യത്യസ്തനാണ്. ഓരോ കുട്ടിയിലും അവന് തിളങ്ങാൻ കഴിയുന്ന ഒരു മേഖലയുണ്ടായിരിക്കും. അതിനെ കണ്ടെത്തുവാൻ സാധിക്കണം. അവരുടെ മൾട്ടിപ്പിൾ ഇന്റലിജൻസ് കണ്ടെത്തണം. അത് തൊട്ടുണർത്തുവാൻ കഴിയണം. 'Tabula Rasa...' ജോൺ ലോക്ക് എന്ന മനശ്ശാസ്ത്രജ്ഞൻ ഉപയോഗിച്ച ഒരു വാക്കാണിത്. അതായത് ഒഴിഞ്ഞ സ്ലേറ്റ് എന്നാണർത്ഥം. ഓരോ കുട്ടിയും ഭൂമിയിൽ പിറന്നുവീഴുമ്പോൾ അവന്റെ അല്ലെങ്കിൽ അവളുടെ മനസ്സ് അത്രമാത്രം പരിശുദ്ധമായിരിക്കും. പക്ഷേ, പിന്നീട് കുഞ്ഞ് കാണുന്നതും കേൾക്കുന്നതും അറിയുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങളാണ് വരകളും കുറികളും കുത്തും കോമകളുമായി അവന്റെ മനസ്സെന്ന് പറയുന്ന ഒഴിഞ്ഞ സ്ലേറ്റിൽ എഴുതപ്പെടുന്നത്. കുഞ്ഞുങ്ങളുടെ മനസ്സ് പുതുതായി സിമെന്റിട്ട

തറ പോലെയാണ്. അവിടെ എന്തുപതിയുന്നുവോ അതവിടെ സ്ഥിരമായി നിൽക്കും. കുട്ടികൾ വളരുന്ന സാമൂഹ്യ ചുറ്റുപാടുകൾ അവരുടെ ജീവിതത്തെ അത്രക്ക് സ്വാധീനിക്കുമെന്നർത്ഥം. ഒരു കഥയുണ്ട്.

ഒരിക്കൽ ഒരു മഞ്ഞുകണം പർവതത്തിന് മുകളിൽ നിന്ന് ഒഴുകിത്തുടങ്ങി. മുന്നിൽ കാണുന്നതിനെ മുഴുവൻ അവൾ കൗതുകത്തോടെ നോക്കി. പുൽക്കൊടികളേയും പൂക്കളേയുമൊക്കെ തൊട്ടുരുമ്മി അത് ഒഴുകിക്കൊണ്ടേയിരുന്നു. ഓരോന്നിനു നേരയും മുഖമുയർത്തിക്കൊണ്ട് ആ മഞ്ഞുതുള്ളി ചോദിച്ചു. പൂവേ എന്തൊരു സൗരഭ്യമാണ് നിനക്ക് കടം തരാമോ ഈ സുഗന്ധമുള്ള സൗരഭ്യം..' പിന്നെയുമൊഴുകിപ്പോയവൾ വഴിവക്കിലൊരു പുൽക്കൊടിത്തുമ്പ് കണ്ടു. അതിനോടവൾ ചോദിച്ചു: ഒരു വട്ടം തുങ്ങിയാടട്ടെ ഞാൻ നിന്റെ കൈവിരൽത്തുമ്പിൽ..' തുള്ളിച്ചാടിക്കൊണ്ടുള്ള യാത്ര അവൾ തുടർന്നുകൊണ്ടേയിരുന്നു. പൂക്കളും പുൽക്കൊടിയുമൊക്കെ ആ മഞ്ഞുതുള്ളിയെ തലയാട്ടി വിളിച്ചു. അവൾ അവരോട് കുശലം പറഞ്ഞ്, അവർക്ക് മുത്തം കൊടുത്ത് പിന്നെയുമൊഴുകി. കാട്ടുവഴിയും മരത്തണലും ചെളിനിറഞ്ഞ മഹാഗർത്തവും പുഴയുടെ ഒഴുക്കിന് ആക്കം കൂട്ടി. ചെളിക്കുണ്ടിന്റെ അറ്റത്തുവന്നപ്പോൾ ആവേശത്തോടെ അവളാ ആഴത്തിലേയ്ക്ക് നോക്കി. സർവമാലിന്യങ്ങളും ഉള്ളിലൊളിപ്പിച്ച നുരഞ്ഞു പൊന്തുന്ന ചെളിക്കുണ്ട് അവളെ പ്രലോഭിപ്പിച്ചു. ചെളിപ്പരപ്പിലെ വലിയ കുമിളകൾക്കു മുകളിൽ ചാടിക്കളിക്കാൻ അവളുടെ മനസ്സും തുടിച്ചു. ഒരുന്മാദ നൃത്തത്തിലെന്നുപോലെ അവൾ കാൽ വഴുതി അതിനുള്ളിലേയ്ക്ക് വീണു. മുങ്ങിയും പൊങ്ങിയും കുറേനേരം അവളാ മലിന മഹായാത്ര ആസ്വദിച്ചു. പവിഴം പോലെ പരിശുദ്ധയായിരുന്ന അവൾ ഒരു ചെളിവെള്ളത്തുള്ളിയായി മാറി. എങ്കിലും അവൾ ഒഴുകിക്കൊണ്ടിരുന്നു. പുഴയിൽ മഴപെയ്തൊഴിഞ്ഞൊരു നേരത്ത് കരയിലെ മരത്തിന്റെ ഇലത്തുമ്പത്ത് ഇളവെയിൽ തട്ടിത്തിളങ്ങുന്ന ഒരു വെള്ളത്തുള്ളിയെക്കണ്ടപ്പോൾ അവൾ ചോദിച്ചു.

എത്ര സുന്ദരിയാണ് നീ തിളക്കമാർന്ന പരിശുദ്ധിയോടെ ഇപ്പോഴുമെപ്പോഴും ഇങ്ങനെ നിൽക്കാൻ നിനക്ക് എങ്ങനെ സാധിക്കുന്നു? ആ വെള്ളത്തുള്ളി പറഞ്ഞു: ഓർക്കുന്നുണ്ടോ, ഒരിക്കൽ നീയും എന്നെപ്പോലെ പരിശുദ്ധയായിരുന്നു. ആദ്യം നീ പൂക്കളോടും പുൽക്കാടുകളോടും കൂട്ടുകൂടി. പിന്നെ വളരാൻ തുടങ്ങിയപ്പോൾ പുറം കാഴ്ചകൾ കണ്ട് മനസ്സു തെറ്റിയ നീ പല വഴികളിലൂടെ യാത്ര ചെയ്തു. നീ മുങ്ങിത്താഴ്ന്ന ചെളിക്കുണ്ടാണ് നിന്റെ തേജസ്സ് കവർന്നെടുത്തത്. പഴയതുപോലെ പരിശുദ്ധയാകുവാൻ തിരിച്ചുപോവുക മാത്രമേ വഴിയുള്ളു. അതാകട്ടെ അസാധ്യമാണ് താനും. ഇതാണ് ജീവിതം. നന്മയിലൂടെ ഒഴുകിത്തീർക്കേണ്ടതാണത്. ചുറ്റുപാടിലെ ഭൂരിഭാഗം കാഴ്ചകളും ഒരുപക്ഷേ നമ്മെ ചീത്തക്കാര്യങ്ങളിലേയ്ക്ക് വലിച്ചടുപ്പിച്ചുവെന്നുവരും, അതിനകത്തൊന്നും കുടുങ്ങിപ്പോകാതെ ശരികളിലൂടെ മാത്രം സഞ്ചരിക്കുവാൻ ഇച്ഛാശക്തി വേണം, കൃത്യമായ ലക്ഷ്യബോധം വേണം, ദൃഢമായ മനസ്സുവേണം. നമ്മുടെ കുഞ്ഞുങ്ങളെ ഇത്തരത്തിലേയ്ക്ക് വാർത്തെടുക്കുവാനുള്ള സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കേണ്ടതിന്റെ ഉത്തരവാദിത്വം സമൂഹത്തിന്റേതുകൂടിയാണ്, നാം ഓരോരുത്തരുടേതുമാണ്.

## ഊരുകളിലെ കുട്ടികളുടെ വിദ്യാഭ്യാസവും സുരക്ഷയും ഉറപ്പാക്കും

നിലമ്പൂർ: മലയോര മേഖലയിലെ ആദിവാസി ഊരുകളിലെ വിദ്യാർത്ഥികളുടെ പഠനവും സുരക്ഷയും ഉറപ്പുവരുത്തുമെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ. ആദിവാസി കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നിലമ്പൂരിൽ നടന്ന സിറ്റിങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളും സുരക്ഷയും കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.



നിലമ്പൂർ ആദിവാസി ഊരിൽ
ബാലാവകാശ കമ്മീഷന്റെ സന്ദർശനം

# കുട്ടികൾ രാഷ്ട്രത്തിന്റെ സമ്പത്ത്

**ജസ്റ്റിസ് മുഹമ്മദ് നിയാസ്**

കുട്ടികൾ രാഷ്ട്രത്തിന്റെ സമ്പത്താണെന്നും കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനനുസരിച്ച് രാജ്യത്തിന്റെ ഭാവി പുരോഗതിയാണ് നിർണ്ണയിക്കപ്പെടുന്നത് എന്നും കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് മുഹമ്മദ് നിയാസ് പറഞ്ഞു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ സാർവ്വദേശീയ ശിശുദിനത്തോടനുബന്ധിച്ച് ബാലാവകാശ സംരക്ഷണത്തിൽ മാധ്യമങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ നടന്ന ഏകദിന ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാലാവകാശ നിയമങ്ങളും സംവിധാനങ്ങളും നിരവധിയുള്ള നമ്മുടെ രാജ്യത്ത് ഇത്തരം സംവിധാനങ്ങളെക്കുറിച്ച് ബോധവാൻമാരല്ലാത്ത നിഷ്കളങ്കരായ കുട്ടികൾക്കും മുതിർന്നവർക്കും കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണം നൽകേണ്ടതും ബാലാവകാശങ്ങൾ ഒരു പ്രത്യേക വിഷയമായി വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കുട്ടികളുടെ അവകാശ ലംഘനങ്ങളെ സംബന്ധിച്ച വാർത്തകളും വിവരണങ്ങളും റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ബാലാവകാശ സംരക്ഷണ നിയമങ്ങളുടെ പശ്ചാത്തലത്തിൽ ദൃശ്യ ശ്രവ്യ അച്ചടി മാധ്യമങ്ങൾ പുലർത്തേണ്ട ജാഗ്രതയും ഉത്തരവാദിത്തവും സംബന്ധിച്ച ഗൗരവകരമായ ഇടപെടലുകൾ എങ്ങനെയാകണം എന്നതായിരുന്നു സെമിനാറിന്റെ പ്രധാന ഉദ്ദേശ്യം. തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത വിദ്യാർത്ഥികളും, ലോ കോളേജ് വിദ്യാർത്ഥികൾ, മാധ്യമ വിദ്യാർത്ഥികൾ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റിലെ ഉദ്യോഗസ്ഥർ, വനിതാ-ശിശുവികസന വകുപ്പ് ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരാണ് സെമിനാറിൽ പങ്കെടുത്തത്.

ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ അധ്യക്ഷനായ പരിപാടിയിൽ രാജ്യസഭാംഗവും മാധ്യമപ്രവർത്തകനുമായ ശ്രീ. ജോൺ ബ്രിട്ടാസ് മുഖ്യാതിഥിയായി. അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. ഗോപാലകൃഷ്ണ കുറുപ്പ് മുഖ്യപ്രഭാഷണം നടത്തി. പ്രമുഖ മാധ്യമപ്രവർത്തകനും അദ്ധ്യാപകനുമായ ഡോ. കെ. അരുൺകുമാർ വിഷയാവതരണം നടത്തുകയും ബാലാവകാശ കമ്മീഷൻ അംഗങ്ങളായ സർവ്വശ്രീ കെ. നസീർ, ഫാ. ഫിലിപ്പ് പറക്കാട്ട്, ബി. ബബിത, സി. വിജയകുമാർ, പി. പി. ശ്യാമളാദേവി എന്നിവരും പരിപാടിയിൽ പങ്കെടുത്തു. ബാലാവകാശ കമ്മീഷൻ അംഗം ശ്രീ. റെനി ആന്റണി സെമിനാറിന് സ്വാഗതം ആശംസിക്കുകയും ബാലാവകാശ കമ്മീഷൻ സെക്രട്ടറി ശ്രീമതി. അനിത ദാമോദരൻ നന്ദി അർപ്പിക്കുകയും ചെയ്തു.




സാർവ്വദേശീയ ശിശുദിന സെമിനാർ 2021 നവംബർ 20ന്
ജസ്റ്റിസ് മുഹമ്മദ് നിയാസ് തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുന്നു.

# ബാലസൗഹൃദ കേരളം ലക്ഷ്യമിട്ട് ബാലാവകാശ കമ്മീഷൻ



സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണം ലക്ഷ്യമാക്കി കേരളത്തിലുടനീളം നടത്തിവരുന്ന പ്രചാരപദ്ധതിയാണ് 'ബാലസൗഹൃദ കേരളം'. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ജില്ലാതലത്തിൽ തിരഞ്ഞെടുത്ത ഓരോ പഞ്ചായത്തിലും ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണത്തിനായി 04.01.2021 മുതൽ 03.03.2021 വരെ ശിൽപശാലകൾ നടത്തുകയുണ്ടായി.

## ഒന്നാം ഘട്ടം (പഞ്ചായത്ത് തലം)

| ജില്ല | ശിൽപ്പശാല നടന്ന പഞ്ചായത്ത് | തീയതി |
|---|---|---|
| തിരുവനന്തപുരം | പൂവ്വാർ | 04.02.2021 |
| കൊല്ലം | ചടയമംഗലം | 28.01.2021 |
| പത്തനംതിട്ട | അരുവാപ്പുലം | 02.02.2021 |
| ആലപ്പുഴ | മാരാരിക്കുളം നോർത്ത് | 27.01.2021 |
| ഇടുക്കി | ഉടമ്പന്നൂർ | 01.02.2021 |
| കോട്ടയം | അയ്മനം | 29.01.2021 |
| എറണാകുളം | കാലടി | 30.01.2021 |
| തൃശ്ശൂർ | അടാട്ട് | 18.01.2021 |
| പാലക്കാട് | പുതുശ്ശേരി | 04.01.2021 |
| മലപ്പുറം | പൊന്നാനി | 16.01.2021 |
| കോഴിക്കോട് | ബാലുശ്ശേരി | 15.02.2021 |
| വയനാട് | തിരുനെല്ലി | 03.03.2021 |
| കണ്ണൂർ | പയ്യന്നൂർ | 14.01.2021 |
| കാസറഗോഡ് | ചീമേനി | 11.01.2021 |

രണ്ടാം ഘട്ടമായി, 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പരിശീലകരെ ഉൾപ്പെടുത്തി തിരുവനന്തപുരം മരിയറാണി സെന്ററിൽ വച്ച് ഫെബ്രുവരി 19, 20 തീയതികളിൽ ദ്വിദിന പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. പരിശീലനം ലഭിച്ചവരെ ജില്ലാതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്ത്-വാർഡ് തലത്തിൽ ബാലാവകാശ സംരക്ഷണ സമിതികൾ സമഗ്രമായി ശാക്തീകരിക്കുന്നതിന് പ്രാപ്തരാക്കുകയുമായിരുന്നു പരിപാടിയുടെ ലക്ഷ്യം.

## ബാലസൗഹൃദ കേരളം മൂന്നാംഘട്ടം

| ജില്ല | തീയതി | ജില്ല | തീയതി |
|---|---|---|---|
| തിരുവനന്തപുരം | 14.12.2021 | തൃശ്ശൂർ | 28.12.2021 |
| കൊല്ലം | 15.12.2021 | പാലക്കാട് | 06.12.2021 |
| പത്തനംതിട്ട | 16.12.2021 | മലപ്പുറം | 07.12.2021 |
| ആലപ്പുഴ | 20.12.2021 | കോഴിക്കോട് | 08.12.2021 |
| കോട്ടയം | 21.12.2021 | വയനാട് | 09.12.2021 |
| ഇടുക്കി | 17.12.2021 | കണ്ണൂർ | 10.12.2021 |
| എറണാകുളം | 27.12.2021 | കാസറഗോഡ് | 30.12.2021 |

മൂന്നാംഘട്ടത്തിൽ ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ ബാലസംരക്ഷണ സമിതികൾ ശാക്തീകരിക്കുകയും തുടർന്ന് പഞ്ചായത്ത് - വാർഡ് തലത്തിലുള്ള വിവിധ കർത്തവ്യവാഹകർ അതാത് ജില്ലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തുടർന്ന് എല്ലാ പഞ്ചായത്തുകളിലും 'ബാലസൗഹൃദ കേരളം' പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനുള്ള കർമ്മപദ്ധതികളുടെ ശാക്തീകരണ പ്രവർത്തനങ്ങളും നടത്തി.

ബാലാവകാശ സംരക്ഷണത്തിന്റെ തുടർ പ്രവർത്തനങ്ങളായി വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകൾ തിരഞ്ഞെടുത്ത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും, ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനും, കുട്ടികൾക്ക് നേരെയുണ്ടാകുന്ന പീഡനങ്ങൾ ഇല്ലാതാക്കുന്നതിനും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ മോചിപ്പിക്കുക, ബാലവേല, ഭിക്ഷാടനം എന്നിവ തടയുക, ശൈശവവിവാഹം ഇല്ലാതാക്കുക, കുട്ടികളുടെ ആത്മഹത്യകൾ ഇല്ലാതാക്കുക, ലിംഗസമത്വം സൃഷ്ടിക്കുക, ശാസ്ത്രീയാവബോധം വളർത്തുക എന്നിവയാണ് കർമ്മപരിപാടികൾ.

ജില്ലാ ബാലസംരക്ഷണ സമിതി അംഗങ്ങൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, റിസോഴ്സ് പേഴ്സൺസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ചൈൽഡ്‌ലൈൻ പ്രവർത്തകർ തുടങ്ങിയവരാണ് സംസ്ഥാന ബാലാവകാശ കമ്മീഷൻ സംഘടിപ്പിച്ച ജില്ലാതല ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണ ശിൽപ്പശാലയിൽ പങ്കെടുത്തത്.

## കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കും

**മന്ത്രി ആർ. ബിന്ദു**



ബാലസൗഹൃദ കേരളം ശിൽപ്പശാല ജില്ലാതല ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു തൃശ്ശൂരിൽ നിർവ്വഹിക്കുന്നു. കമ്മീഷൻ ചെയർപേഴ്സൺ കെവി. മനോജ് കുമാർ, അംഗം ഫാ. ഫിലിപ്പ് പറക്കാട്ട്, മെമ്പർ സെക്രട്ടറി ശ്രീമതി അനിത ദാമോദരൻ എന്നിവർ സമീപം.

തൃശ്ശൂർ: കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു. ബാല സൗഹൃദ കേരളം യാഥാർത്ഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പുവരുത്തുക എന്നീ മുദ്രാവാക്യങ്ങളുമായി കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സംഘടിപ്പിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങളിൽ ബാലാവകാശ സംരക്ഷണ കമ്മീഷനും പോലീസും കൃത്യമായി ഇടപെട്ട് സംരക്ഷണം ഉറപ്പാക്കണം. കമ്മീഷൻ കുട്ടികൾക്ക് വ്യത്യസ്ത സംരക്ഷണ സംവിധാനങ്ങൾ കണ്ടെത്തുകയും അത് ഉപയോഗപ്പെടുത്തുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യണമെന്ന് മന്ത്രി പറഞ്ഞു.

# “എല്ലാ തദ്ദേശസ്ഥാപനങ്ങളും ബാലസൗഹൃദമാക്കാൻ നടപടി സ്വീകരിക്കും”

പാലക്കാട്: സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ബാലസൗഹൃദമാക്കാനുള്ള നടപടി സ്വീകരിക്കുമെന്നു ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ പറഞ്ഞു. ബാലസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്ന ശക്തമായ സംവിധാനം തദ്ദേശസ്ഥാപനങ്ങളിൽ ഒരുക്കണം. ശിശു സംരക്ഷണവും ക്ഷേമവും പ്രധാന അജണ്ടയാക്കി ചർച്ച ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ തദ്ദേശ സ്ഥാപനങ്ങളും കുട്ടികളുടെ വിവരം ശേഖരിക്കാനുള്ള സർവേ ആരംഭിക്കാൻ കമ്മീഷൻ അംഗം സി. വിജയകുമാറും നിർദ്ദേശം നൽകി.

പഞ്ചായത്ത് അദ്ധ്യക്ഷ ചെയർപേഴ്സനായും ഐ.സി.ഡി.എസ് സൂപ്പർവൈസർ കൺവീനറായും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിക്കണം, വാർഡ് അംഗം, പോലീസ്, ആരോഗ്യ വകുപ്പ്, സ്കൂൾ അധികൃതർ എന്നിവരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. വാർഡ് തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കാനും തീരുമാനിച്ചു.

രണ്ടു മാസത്തിലൊരിക്കലെങ്കിലും കമ്മിറ്റികൾ ചേർന്നു തീരുമാനങ്ങളെടുക്കണം, വിദ്യാഭ്യാസത്തിൽ പിന്നാക്കം നിൽക്കുന്ന മേഖലകൾ കമ്മിറ്റി കണ്ടെത്തി അവിടുത്തെ കുട്ടികൾക്കു പ്രത്യേക പരിശീലനം നൽകണം. സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികൾക്ക് അതിനുള്ള സാഹചര്യമൊരുക്കണം. ബാലവേല ശ്രദ്ധയിൽപെട്ടാൽ അറിയിക്കാൻ ജനങ്ങളെ ബോധവാൻമാരാക്കണം. ബാലാവകാശങ്ങൾ ഉറപ്പാക്കാൻ ഹ്രസ്വകാല, മധ്യകാല, ദീർഘകാല പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യണം. കുട്ടികളുടെ അതിജീവനം, ഉന്നമനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കാനുള്ള പദ്ധതികൾ വേണം തുടങ്ങിയ നിർദ്ദേശങ്ങൾ യോഗത്തിൽ പങ്കുവെച്ചുകൊണ്ടാണ് ശിൽപ്പശാല അവസാനിച്ചത്.

## മലപ്പുറത്തെ ബാലസൗഹൃദ ജില്ലയാക്കും

മലപ്പുറം: ജില്ലയിലെ പഞ്ചായത്ത്, ബ്ലോക്ക്, നഗരസഭ തലങ്ങളിലെ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ ശാക്തീകരണത്തിലൂടെ മലപ്പുറത്തെ ബാലസൗഹൃദ ജില്ലയാക്കി മാറ്റുമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ പറഞ്ഞു. ബാലസൗഹൃദ കേരളം യാഥാർഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വനിതാ-ശിശു വികസന വകുപ്പ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുമായി സഹകരിച്ച് ബാലസുരക്ഷാ സമിതികളുടെ ശാക്തീകരണത്തിനായി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ.




ബാലസൗഹൃദ കേരളം സെമിനാർ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.



ബാലസൗഹൃദ കേരളം സെമിനാർ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഇടുക്കിയിൽ നിർവ്വഹിക്കുന്നു.

# ശിശു സൗഹൃദ സാഹചര്യം രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത

**മന്ത്രി റോഷി അഗസ്റ്റിൻ**

ഇടുക്കി: ശിശു സൗഹൃദ സാഹചര്യം രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ. ബാല സൗഹൃദ കേരളം മൂന്നാം ഘട്ടം - ബാല സംരക്ഷണ സമിതിയുടെ ശാക്തീകരണം ശിൽപശാല കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

കുട്ടികളുടെ സംരക്ഷണം ഉറപ്പ് വരുത്തുവാനും അവരുടെ അവകാശങ്ങളെ കൃത്യതയോടെ പരിപാലിക്കാനും വേണ്ടുന്ന എല്ലാ സാഹചര്യങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ട്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ അനുദിനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ജനപ്രതിനിധികൾ എന്ന നിലയിൽ സമൂഹത്തിൽ ഇടപെടാനും ബോധവത്ക്കരണം നൽകാനും നമുക്ക് സാധിക്കണം. ഇതിലൂടെ വരും കാലങ്ങളിൽ കേസുകളുടെ എണ്ണം കുറയ്ക്കാൻ നമുക്ക് സാധിക്കും. സമൂഹത്തിനും രക്ഷിതാക്കൾക്കും ഇവരെ സംരക്ഷിക്കാൻ ഉത്തരവാദിത്തമുണ്ട്. രാഷ്ട്രത്തിന്റെ എല്ലാ കാര്യങ്ങളിലും അടിസ്ഥാനപരമായിട്ടുള്ള മാറ്റങ്ങൾക്ക് നേതൃത്വപരമായ മാറ്റം വഹിക്കുവാൻ കുട്ടികൾക്കാണ് സാധിക്കുക. ഇത് സംബന്ധിച്ച് അവരിൽ അവബോധം വളർത്തിയെടുക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. സ്വതന്ത്രമായ ചിന്തയോട് കൂടി വിവേചനങ്ങൾ ഇല്ലാതെ സമൂഹത്തിൽ കുട്ടികൾക്ക് വളർന്നു വരാനുള്ള സാഹചര്യം രൂപപ്പെടുത്തണം. ഇതിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.



തിരുവനന്തപുരം: സംസ്ഥാനതലത്തിൽ കുട്ടികൾക്ക് നൽകിവരുന്ന സേവന പദ്ധതികൾ, സ്കോളർഷിപ്പുകൾ മറ്റ് ആനുകൂല്യങ്ങൾ - കൈപ്പുസ്തക പ്രകാശനം ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു നിർവ്വഹിക്കുന്നു

# ആദിവാസി കുട്ടികളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും

**ബാലാവകാശ കമ്മീഷൻ**

ആദിവാസി മേഖലയിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ പനത്തടി പഞ്ചായത്ത് ശിശു സംരക്ഷണ സമിതിയുടെയും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച കരുതൽ 2022 ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പട്ടികവർഗ കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി ഉടൻ തന്നെ കമ്മീഷൻ സർക്കാരിന് സമർപ്പിക്കും.

ഗിരിവർഗ്ഗ മേഖലകളിൽ താമസിക്കുന്ന പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ രംഗത്ത് നിന്നുള്ള കൊഴിഞ്ഞുപോക്ക് ഗൗരവമേറിയ ഒരു പ്രശ്നമാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ പുറത്ത് പോകുന്ന ഈ കുട്ടികൾ മുൻതലമുറയുടെ തുടർച്ചയായി മാറുന്നു. മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം, ബാലവിവാഹം, ബാലവേല, ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ ഈ മേഖലകളെ ഒറ്റപ്പെട്ട അവസ്ഥയിലാക്കുന്നു. വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഇത്തരം പ്രശ്നങ്ങളെ ലഘൂകരിക്കുന്നതിന് പദ്ധതികൾ നടപ്പാക്കി വരുന്നു. ഈ സാഹചര്യത്തിലാണ് ഗിരിവർഗ്ഗ മേഖലകളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം ആരോഗ്യം സാംസ്കാരികം തുടങ്ങി വിവിധ വിഷയങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും കുട്ടികളുടെ അവകാശങ്ങളെകുറിച്ച് അവബോധമുണ്ടാക്കുന്നതിനുമായി സംസ്ഥാന ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 13 ആദിവാസി ഊരുകളിൽ ഫെബ്രുവരി 26 മുതൽ മാർച്ച് 14 വരെ കരുതൽ - 2022 എന്ന പേരിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചത്.



ബാലാവകാശ കമ്മീഷന്റെ ആദിവാസി ഊരു സന്ദർശനം

# ആദിവാസി മേഖല സന്ദർശനം ജില്ലകളിലൂടെ...

ആദിവാസി മേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശം, ആരോഗ്യം, സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും കാലാകാലങ്ങളായി അവഗണന അനുഭവിക്കുന്ന ആദിവാസി വിഭാഗങ്ങൾക്ക് ഉന്നതനേട്ടങ്ങൾ കൈവരിക്കാനുള്ള ആത്മവിശ്വാസത്തിന്റെ കരുത്ത് നൽകുന്നതിനുമായി ബാലാവകാശ സംരക്ഷണ കമ്മീഷൻ സംസ്ഥാനത്തെ വിവിധ ആദിവാസി മേഖലകളിലെ ഊരുകളിൽ സന്ദർശനം നടത്തി. തിരുവനന്തപുരത്തെ കോട്ടൂർ, കണ്ണൂരിലെ ആറളം ഫാം, പാലക്കാട്ടെ പറമ്പിക്കുളം, അട്ടപ്പാടി, മീനാക്ഷിപുരം, അഗളി, മലപ്പുറത്തെ നിലമ്പൂർ, കോഴിക്കോട്ടെ കേളാട്ടുകുന്ന്, കാസർഗോഡ് മൈക്കിടി കോളനി, ഇടുക്കിയിലെ വണ്ടിപ്പെരിയാർ എന്നിവിടങ്ങളിലാണ് സന്ദർശനം നടത്തിയത്.



ബാലാവകാശ കമ്മീഷന്റെ വണ്ടിപ്പെരിയാർ ആദിവാസി മേഖല സന്ദർശനം

കേരളത്തിലെ ആദിവാസി മേഖലയിലെ കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ബാലവിവാഹം, ബാലവേല, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തുടങ്ങിയ പ്രശ്നങ്ങൾ ദുരീകരിക്കുന്നതിനും ആദിവാസി ജനതയുടെ തനതായ സംസ്ക്കാരം നിലനിർത്തിക്കൊണ്ട് അവരുടെ അടിസ്ഥാനപരമായ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ എന്ന് കമ്മീഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ സന്ദർശനങ്ങൾ.



ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ ആദിവാസികളുടെ പ്രശ്നങ്ങൾ ചോദിച്ച് അറിയുന്നു

# ഡിജിറ്റൽ പഠനത്തിനുള്ള തടസം പരിഹരിക്കും

തിരുവനന്തപുരം: സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കോട്ടൂർ ആദിവാസി ഊരുകളിൽ സന്ദർശനം നടത്തി. കുട്ടികളുടെ വിദ്യാഭ്യാസവും, സുരക്ഷയും കോവിഡ് 19 മാനദണ്ഡങ്ങൾ പ്രകാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ, കമ്മീഷൻ അംഗങ്ങളായ സി. വിജയകുമാർ, പി.പി. ശ്യാമളദേവി എന്നിവരാണ് സന്ദർശിച്ചത്. നിലവിൽ കുട്ടികളുടെ പഠനത്തിനായി ഇന്റർനെറ്റ് ലഭ്യതയില്ലായ്മ പ്രശ്നം രൂക്ഷമാണ്. ഇതിന് അടിയന്തിര പരിഹാരം കാണാൻ നടപടി സ്വീകരിക്കും. കുട്ടികളുടെ വിദ്യഭ്യാസത്തിന് യാതൊരു മുടക്കവും കൂടാതെ കൃത്യമായി വിദ്യാഭ്യാസം ലഭിക്കുന്നത് ഉറപ്പുവരുത്തുമെന്നും കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പഞ്ചായത്ത്-വാർഡ് തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ മുഖേന കുട്ടികൾക്ക് കൗൺസിലിംഗ് ലഭ്യമാക്കാമെന്നും അദ്ദേഹം സൂചിപ്പിച്ചു.

ആദിവാസി ഊരുകളായ മണ്ണാംകോണം, ചോനാമ്പാറ, വാലിപ്പാറ, മാങ്കോട്, പൊടിയം തുടങ്ങിയ ഊരുകളിൽ ഓൺലൈൻ പഠനകേന്ദ്രങ്ങൾ, ഏകാദ്ധ്യപക വിദ്യാലയം, എം.ജി.എൽ.സി, ഇതിനു സമീപത്തെ ചില വീടുകൾ എന്നിവിടങ്ങളിൽ എത്തി കുട്ടികളോടും മാതാപിതാക്കളോടും ട്രൈബൽ പ്രമോട്ടർമാർ അദ്ധ്യാപികമാർ എന്നിവരുമായി ആശയവിനിമയം നടത്തി. കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനായി ഇന്റർനെറ്റ് സൗകര്യത്തിനായി റേഞ്ചില്ല എന്നതും പലർക്കും മൊബൈൽ ലഭ്യമായിട്ടില്ല എന്നതും കൂടാതെ ഹോസ്റ്റൽ സൗകര്യം, അംഗൻവാടി, കുട്ടികൾക്കായി ഫുട്ബോൾ മൈതാനം, മറ്റു കളിയിടങ്ങൾ എന്നിവയും കമ്മീഷന് മുൻപിൽ ആവശ്യമായി എത്തി. വാലിപ്പാറക്ക് സമീപം മോഡൽ റസിഡൻഷ്യൻ സ്കൂളിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം കമ്മീഷൻ സന്ദർശിക്കുകയും നടപടികൾ വേഗത്തിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി.

സന്ദർശിച്ചയിടങ്ങളിൽ കുട്ടികൾക്ക് പോഷകാഹാരം പഠന സൗകര്യങ്ങളൊക്കെ ലഭ്യമാണ് എങ്കിലും പരിഹരിക്കപ്പെടേണ്ട ഒട്ടനവധി വിഷയങ്ങളും ശ്രദ്ധയിൽപെട്ടിട്ടുള്ളതായി കമ്മീഷൻ പറഞ്ഞു. മികച്ച പഠനമുറികളും, പഠനോപകരണങ്ങളും ഒപ്പം ശുചിത്വവുമുള്ള ഇടങ്ങളാണ് കോട്ടൂരിൽ കണ്ടതെന്നും അഭിനന്ദനം അർഹിക്കുന്ന കാര്യമാണെന്നും കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അഭിപ്രായപ്പെട്ടു.

കൂടാതെ കുട്ടികൾക്കെതിരായ അതിക്രമങ്ങളെ കുറിച്ചും, ലഹരി ഉപയോഗത്തെ കുറിച്ചും പോലീസും, എക്സൈസും ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, വനംവകുപ്പ്, ട്രൈബൽ ഓഫീസർമാർ എന്നിവരുമായി സഹകരിച്ചു കാര്യമായ ശ്രദ്ധ കൊടുക്കണമെന്നും ശ്രദ്ധയിൽപ്പെടുന്ന വിഷയങ്ങൾക്ക് പരിഹാരം കാണണമെന്നും കമ്മീഷൻ കോട്ടൂർ കാപ്പുകാട് നടന്ന അവലോകന യോഗത്തിൽ നിർദ്ദേശം നൽകി.

# ബാലവേലയും ബാലവിവാഹവും തടയാൻ പൊതുസമൂഹം ഇടപെടണം

പാലക്കാട്: അതിർത്തി മേഖലകളിലെ ബാലവേല, ബാലവിവാഹം എന്നിവ തടയാൻ മുഴുവൻ ബാലാവകാശ കർത്തവ്യവാഹകരും ഒറ്റക്കെട്ടായി ഇടപെടണമെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ പറഞ്ഞു. മീനാക്ഷീപുരം ജി.എച്ച്.എസിൽ നടന്ന യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിർത്തി പ്രദേശത്ത് ബാലവിവാഹങ്ങൾ നടക്കുന്നത് തടയാൻ റിപ്പോർട്ടിങ് ശക്തമാക്കണം. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ ബാലവേലയ്ക്ക് നിർബന്ധിക്കപ്പെടുന്നത് തടയാൻ കൃത്യമായ നിരീക്ഷണ സംവിധാനം വേണം. ബോധവത്ക്കരണ ക്യാമ്പുകൾ ശക്തമാക്കി ബ്ലോക്ക്, വില്ലേജ് തലത്തിൽ ശിശു സംരക്ഷണ സമിതികൾ സജീവമായാൽ കുട്ടികൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സാധിക്കും. അതിർത്തിയിലെ സാഹചര്യം കണക്കിലെടുത്ത് പ്രദേശത്തെ ബാലാവകാശ സംരക്ഷണ കർത്തവ്യവാഹകരുടെ സമിതി സ്ഥിരം സംവിധാനമായി നിലനിർത്തണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ബാലാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ മുതലമട, മുണ്ടിപതി, ചപ്പക്കാട് അങ്കണവാടി കോളനികൾ സന്ദർശിച്ചു. പറമ്പിക്കുളം മേഖലയുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും പ്രദേശത്തെ ഗതാഗതം സുഗമമാക്കാൻ കമ്മീഷൻ സാധ്യമായ ഇടപെടലുകൾ നടത്തുമെന്നും ചെയർപേഴ്സൺ അറിയിച്ചു.

# കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ടാസ്ക് ഫോഴ്സ്

വണ്ടിപ്പെരിയാർ : ബാല സൗഹൃദ കേരള പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ തോറും ടാസ്ക് ഫോഴ്സുകൾ രൂപവത്ക്കരിക്കും. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് ചെയ്യുകയും യഥാസമയം പരിഹരിക്കുകയുമാണ് ടാസ്ക് ഫോഴ്സിന്റെ ഉത്തരവാദിത്വം. ജില്ലാ കളക്ടർ കൺവീനറായ ടാസ്ക് ഫോഴ്സിൽ തോട്ടം മേഖല, തൊഴിൽ വകുപ്പ്, പോലീസ്, സ്കൂൾ തുടങ്ങിയവയുടെ പ്രതിനിധികളാണ് ടാസ്ക് ഫോഴ്സിലുള്ളത്.

ജില്ലാ നിയമസേവന അതോറിറ്റി മേധാവി, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാനും അംഗങ്ങളും, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ, ഫോറൻസിക് മെഡിസിൻ ഓഫീസർ, ജില്ലാ എക്സൈസ് വകുപ്പ് മേധാവി, ജില്ലാ സ്പെഷ്യൽ ജുവനൈൽ പോലീസ് മേധാവി, ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ മേധാവി, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ക്രൈം ഡിറ്റാച്ച്മെന്റ്, വനിതാ ശിശുവികസന ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, പ്രൊട്ടക്ഷൻ ഓഫീസർ-ഇൻസ്റ്റിറ്റ്യൂഷണൽ കെയർ, ലീഗൽ-കം-പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ, ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ, ശിശു സംരക്ഷണ സ്ഥാപനാധികാരികൾ, ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർ, ചൈൽഡ് ലൈൻ ജില്ലാ കോഡിനേറ്റർ എന്നിവരാണ് ടാസ്ക് ഫോഴ്സ് കൂടിയാലോചനാ യോഗത്തിൽ പങ്കെടുത്തത്.



വണ്ടിപ്പെരിയാർ ടാസ്ക് ഫോഴ്സ് രൂപീകരണം - ഉദ്യോഗസ്ഥരുമായി കമ്മീഷൻ ആശയവിനിമയം നടത്തുന്നു

# അട്ടപ്പാടിയിൽ ബാലാവകാശ കമ്മീഷന്റെ ഇടപെടലുകൾക്കു ശരവേഗം

അട്ടപ്പാടി: ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടിയിൽ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഇടപെടലുകൾക്കു ശരവേഗം. അട്ടപ്പാടിയിലെത്തിയ കമ്മീഷൻ സന്ദർശനം നടത്തിയപ്പോൾ നൽകിയ ഉറപ്പാണ് യാഥാർത്ഥ്യമാകുന്നത്.

കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുമായി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കുമെന്നു കമ്മീഷൻ ഉറപ്പു നൽകിയിരുന്നു.



അഗളി - ടാസ്ക് ഫോഴ്സ് മീറ്റിംഗിൽ ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുന്നു.

ഇതിൻപ്രകാരം അട്ടപ്പാടി നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സിനായി ഉത്തരവിടുകയും പദ്ധതി ആരംഭിക്കുകയും ചെയ്തു.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് എക്സൈസ് ഡിവിഷൻ ഓഫീസർ, സൈലന്റ്വാലി വൈൽഡ് ലൈഫ് വാർഡൻ, അട്ടപ്പാടി ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർ, മണ്ണാർക്കാട് കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ, അട്ടപ്പാടി വനിതാ-ശിശു വികസന ഓഫീസർ, അട്ടപ്പാടി ട്രൈബൽ താലൂക്ക് തഹസിൽദാർ, അട്ടപ്പാടി കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ എന്നിവരാണ് ടാസ്ക് ഫോഴ്സിലുള്ളത്.

ബാലാവകാശ സംരക്ഷണ ഉദ്യോഗസ്ഥരുടെ സ്ഥിരം സംവിധാനമാണ് ടാസ്ക് ഫോഴ്സിലൂടെ കമ്മീഷൻ ലക്ഷ്യമിടുന്നത്. ശിശുമരണം അട്ടപ്പാടിയിലെ ശിശുമരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ, വിദ്യാർത്ഥികളുടെ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തുടങ്ങി എല്ലാ പ്രശ്നങ്ങളും ടാസ്ക് ഫോഴ്സിന്റെ നിരീക്ഷണ പരിധിയിൽ വരും.

# വൈദ്യുതിയും ഇന്റർനെറ്റും ലഭ്യമാക്കാൻ ബാലാവകാശ സംരക്ഷണ കമ്മീഷൻ ഇടപെട്ടു

വയനാട്: മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഗോവിന്ദൻപാറ പട്ടികവർഗ്ഗ കോളനിയിൽ വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അധികൃതർക്ക് നിർദ്ദേശം നൽകി. ഇവിടെ കുട്ടികളുടെ ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്നാണ് കമ്മീഷൻ അംഗങ്ങളായ കെ. നസീർ, ബബിത ബൽരാജ് എന്നിവർ കോളനി സന്ദർശിച്ചിരുന്നു.



കുട്ടികളുടെ ഓൺലൈൻ പഠന സൗകര്യങ്ങൾ വിലയിരുത്തിയ കമ്മീഷൻ കോളനി നിവാസികളുടെ പരാതികൾ കേട്ടു. വനമേഖലകളോടു ചേർന്നു കിടക്കുന്ന കോളനിയിൽ പണിയ വിഭാഗത്തിൽപ്പെട്ട 18 കുടുംബങ്ങളും, കാട്ടുനായ്ക്ക വിഭാഗത്തിൽ ആറു കുടുംബങ്ങളുമാണുള്ളത്. ആകെ 11 കുട്ടികളാണ് കോളനിയിലുള്ളത്. നിലവിൽ മെന്റർ അദ്ധ്യാപികയുടെ സഹായത്തോടെ പ്രാദേശിക പഠനകേന്ദ്രത്തിൽ എത്തിച്ചാണ് കുട്ടികളെ പഠിപ്പിക്കുന്നത്.

# ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കണം



വയനാട് ആദിവാസി കോളനി നിവാസികളുടെ പ്രശ്നങ്ങൾ കമ്മീഷൻ അംഗം കെ. നസീർ നേരിൽ കേൾക്കുന്നു

മലപ്പുറം: ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കാൻ കളക്ടർ വി. ആർ. പ്രേം കുമാർ നിർദ്ദേശിച്ചു. ഇതിനായി പഞ്ചായത്തു തലത്തിൽ എല്ലാ മാസവും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു യോഗം ചേരും. ജില്ലയിലെ ആദിവാസി ഊരുകളിൽ നടത്തിയ സന്ദർശ

നത്തിന്റെ അടിസ്ഥാനത്തിൽ ബാലാവകാശ കമ്മീഷൻ വിളിച്ച യോഗത്തിലാണ് നടപടി.

ആരോഗ്യം, പോഷകാഹാരം, സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തുടങ്ങിയ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം കണ്ടെത്തണം. പോഷകാഹാരം, വൈദ്യസഹായം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾ ഉറപ്പാക്കാൻ എല്ലാ വകുപ്പുകളും യോജിച്ച് പ്രവർത്തിക്കണമെന്നും കമ്മീഷൻ അദ്ധ്യക്ഷൻ പറഞ്ഞു. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനും പ്രശ്നപരിഹാരം എളുപ്പത്തിലാക്കുന്നതിനും ഉദ്യോഗസ്ഥർ സംയുക്തമായി എല്ലാ മാസവും ഗോത്ര മേഖലകളിൽ സന്ദർശനം നടത്തണമെന്ന് കലക്ടർ നിർദ്ദേശിച്ചു.

ആദിവാസികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാനായി പഞ്ചായത്തുതലത്തിൽ നടത്തുന്ന പ്രത്യേക യോഗങ്ങളിൽ ഊരുമൂപ്പൻമാരെ കൂടി പങ്കെടുപ്പിക്കും. കോളനി സന്ദർശന വേളയിൽ ആരോഗ്യ പ്രവർത്തകർക്ക് ഉൾവനങ്ങളിൽ എത്താൻ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സഹായം ഉറപ്പാക്കും. സാമൂഹിക പഠനമുറികൾ സജീവമാക്കും, ബദൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തും. ഗോത്രമേഖലയിലെ പ്രശ്നങ്ങളെ സമഗ്രമായ കാഴ്ചപ്പാടോടെ സമീപിക്കുകയും സമഗ്രമായ പരിഹാരമുണ്ടാക്കുകയുമാണ് വേണ്ടതെന്നും കളക്ടർ പറഞ്ഞു.

# ബാലാവകാശ കമ്മീഷൻ അങ്കണവാടികൾ സന്ദർശിച്ചു

പാലക്കാട്: സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ, കമ്മീഷൻ അംഗം സി. വിജയകുമാർ എന്നിവർ മുതലമട മുണ്ടിപതി, ചപ്പക്കാട് അങ്കണവാടി കോളനികൾ സന്ദർശിച്ചു. പറമ്പിക്കുളം മേഖലയുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും പ്രദേശത്തെ ഗതാഗതം സുഗമമാക്കാൻ കമ്മീഷൻ സാധ്യമായ ഇടപെടലുകൾ നടത്തുമെന്നും കുട്ടികൾക്കായി വിവിധ ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നും കമ്മീഷൻ ചെയർപേഴ്സൺ അറിയിച്ചു.



# ബാലസൗഹൃദ സമൂഹം സൃഷ്ടിച്ചെടുക്കാൻ പരിശ്രമിക്കണം




വണ്ടിപ്പെരിയാർ: ബാല സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ സമൂഹത്തിലെ എല്ലാവരുടെയും ശ്രമം ആവശ്യമാണെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ പറഞ്ഞു. വണ്ടിപ്പെരിയാർ മോഹനം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ബാലസൗഹൃദ കേരളം പദ്ധതിയുടെ ശിൽപ്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുട്ടികളെ പ്രതിചേർക്കുന്ന കേസുകളുടെ എണ്ണം കൂടുന്നതിനും ഇത്തരം കുറ്റവാസന കുട്ടികളിൽ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം കുട്ടി വളരുന്ന വീടും ഗ്രഹാന്തരീക്ഷവും ചുറ്റുപാടുമെല്ലാം കുട്ടിയുടെ മാനസികാവസ്ഥയിൽ ചെലുത്തുന്ന സ്വാധീനമാണെന്നും കമ്മീഷൻ ചെയർപേഴ്സൺ പറഞ്ഞു. സ്നേഹവും സംരക്ഷണവും ഐക്യവുമുള്ള കുടുംബങ്ങൾ നിലനിർത്തുന്നതിലൂടെ മാത്രമേ തെറ്റിലേക്ക് വഴുതി വീഴുന്ന കുട്ടികളെ കണ്ടെത്തി അവരെ ശരിയായ പാതയിലേക്ക് നയിക്കാൻ സാധിക്കൂ. ബാലസൗഹൃദ സമൂഹം സൃഷ്ടിക്കുന്നതിനായി കുട്ടികളോട് സ്നേഹത്തോടെയും അനുഭാവ പൂർണമായും നമ്മുടെ സമൂഹം പെരുമാറേണ്ടതിന്റെ ആവശ്യകത അദ്ദേഹം പങ്കുവച്ചു. കുട്ടികളുടെ നിയമങ്ങളെക്കുറിച്ചും അവകാശത്തെയും സംരക്ഷണത്തെയും പറ്റി ബോധവാന്മാരാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കുട്ടികൾക്കെതിരായ അക്രമങ്ങൾ തടയുന്നതിനു വേണ്ടിയും, സമൂഹത്തിൽ ബാല സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിന് വേണ്ടിയും ബാലാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ ബോധവത്ക്കരിക്കുന്നതിനുമാണ് കമ്മീഷൻ ഇത്തരം ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

# ആദിവാസി മേഖലയിലെ കുട്ടികളെ കൈപിടിച്ചുയർത്താൻ ബാലാവകാശ കമ്മീഷൻ




കണ്ണൂർ : ആദിവാസി മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസവും ജീവിത സുരക്ഷയും ഉറപ്പാക്കാൻ ബാലാവകാശ സംരക്ഷണ കമ്മീഷൻ നേരിട്ട് ഇടപെടുന്നു. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കമ്മീഷൻ വിളിച്ച ജനപ്രതിനിധികളുടെയും വിവിധ വകുപ്പ് പ്രതിനിധികളുടെയും പ്രഥമ അവലോകന യോഗത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ പുനരധിവാസ പദ്ധതി നടപ്പാക്കിയ ആറളം ഫാം ആദിവാസി മേഖലയിൽ മാതൃകാ വ്യക്തിത്വങ്ങളെ സൃഷ്ടിക്കാനും തുടർ പ്രവർത്തനങ്ങളിലൂടെ സമഗ്ര മുന്നേറ്റം സാധ്യമാക്കാനും തീരുമാനിച്ചു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ യോഗത്തിൽ പങ്കെടുത്തവരിൽ നിന്നും പുനരധിവാസ മേഖലയിലെ പ്രശ്നങ്ങളും വികസന നിർദ്ദേശങ്ങളും ചോദിച്ചറിഞ്ഞു. സമഗ്ര വികസന പദ്ധതിക്കു രൂപം നൽകുമെന്നറിയിച്ച കമ്മീഷൻ തുടർ പ്രവർത്തനങ്ങളും ഉറപ്പു നൽകി.

ആദ്യഘട്ടമെന്ന നിലയിൽ ഫാം പുനരധിവാസ മേഖലയിൽ വകുപ്പ് പ്രതിനിധികളെ പങ്കെടുപ്പിച്ച് മുഴുവൻ ദിവസ ക്യാമ്പ് നടത്തും. മദ്യം ഉൾപ്പെടെയുള്ള ദുശ്ശീലങ്ങളിലും സാമൂഹ്യ തിന്മകളിലും ചൂഷണങ്ങളിലും പെടാതെ പുതിയ ആദിവാസി തലമുറയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുകയാണ് ലക്ഷ്യമെന്നും ജനപ്രതിനിധികളുടെയും എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

# കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്താൻ ബോധവത്ക്കരണ ശിൽപ്പശാല സംഘടിപ്പിച്ചു




വണ്ടിപ്പെരിയാർ: സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നടപ്പാക്കുന്ന ബാലസൗഹൃദം കേരളം പദ്ധതിയുടെ ഭാഗമായി വണ്ടിപ്പെരിയാറിൽ ബോധവത്ക്കരണ ശിൽപ്പശാലയും ടാസ്ക് ഫോഴ്സ് കൂടിയാലോചന യോഗവും സംഘടിപ്പിച്ചു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, ലൈംഗികാതിക്രമങ്ങളിൽ നിന്നും മറ്റു പീഡനങ്ങളിൽ നിന്നും അവർക്ക് സംരക്ഷണം ഉറപ്പാക്കുക, മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും, സൈബർ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ മോചിപ്പിക്കുക, ബാലവേലയും, ബാലഭിക്ഷാടനവും, ശൈശവ വിവാഹവും തടയുക, കുട്ടികളുടെ ആത്മഹത്യ ഇല്ലാതാക്കുക, ലിംഗസമത്വം സൃഷ്ടിക്കുക, ബാലാവകാശ സാക്ഷരത വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ബന്ധപ്പെട്ട കർത്തവ്യവാഹകർക്ക് ബോധവത്ക്കരണ ശിൽപ്പശാലയും പരിശീലന പരിപാടിയും സംഘടിപ്പിച്ചത്. തോട്ടം മേഖലയിൽ നിന്ന് പോക്സോ കേസുകൾ ഉൾപ്പടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഈ പരിപാടിക്ക് തെരഞ്ഞെടുത്തതെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ പറഞ്ഞു.

# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം – ശിൽപശാല സംഘടിപ്പിച്ചു

ഭാരതത്തിന്റെ ഭരണഘടന നമുക്ക് ഉറപ്പുതരുന്ന മൗലികാവകാശങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം. 6 മുതൽ 14 വയസ്സ് പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം വ്യവസ്ഥ ചെയ്യുന്നതിനുള്ള വിദ്യാഭ്യാസ അവകാശ നിയമത്തിലെ 31–ാം വകുപ്പ് പ്രകാരം പ്രസ്തുത നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരം എന്നിവ ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

വിദ്യാഭ്യാസം അദ്ധ്യാപക കേന്ദ്രീകൃതമായിരുന്നതിൽ നിന്ന് മാറി ശിശുസൗഹൃദമാക്കി തീർക്കാനുള്ള ശ്രമം നടക്കുന്നതിലൂടെ വിദ്യാഭ്യാസത്തിന് പുതിയ അർത്ഥവും വ്യാപ്തിയും കൈവന്നുകൊണ്ടിരിക്കുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും നമ്മുടെ സ്ഥാപനങ്ങളിലെല്ലാം ഭൗതീക അക്കാദമിക സൗകര്യങ്ങളെ സംബന്ധിച്ച് വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിച്ച് കുട്ടികൾക്ക് സംരക്ഷണവും സുരക്ഷിതത്വവും വിദ്യാലയങ്ങളിൽ ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്.

അതിനാൽ നിയമത്തിന് കീഴിലുള്ള ഓരോ കർത്തവ്യവാഹകരും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളെ പറ്റി ബോധവാൻമാരായിരിക്കേണ്ടതുണ്ട്. കർത്തവ്യവാഹകരുമായുള്ള നിയമബന്ധങ്ങളും മറ്റ് കർത്തവ്യവാഹകരുമായി യോജിച്ച് നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകളെപ്പറ്റിയും, കുട്ടികളുടെ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസ അവകാശ നിയമസംരക്ഷണം എത്തരത്തിൽ നിർവഹിക്കപ്പെട്ടു എന്ന് വിലയിരുത്തുന്നതിനും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നീണ്ടകാലത്തെ ഇടവേളക്കുശേഷം സ്കൂളിൽ എത്തുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങൾ കൃത്യമായി വിലയിരുത്തി കൈക്കൊള്ളേണ്ട മനഃശാസ്ത്രപരമായ സമീപനം സംബന്ധിച്ചും ശിശുസൗഹൃദ അന്തരീക്ഷത്തിൽ പാഠ്യേതര പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെയും, മെച്ചപ്പെട്ട പഠനാന്തരീക്ഷവും സാമൂഹ്യ ചുറ്റുപാടുകളും കുട്ടികൾക്ക് നൽകുന്നതിനായി സ്കൂൾതല സുരക്ഷാ സമിതികൾക്ക് നേതൃത്വം നൽകേണ്ടതിന്റെ അനിവാര്യത ചർച്ച ചെയ്യുന്നതിനും, വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനുമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കർത്തവ്യവാഹകർക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ശിൽപ്പശാലകൾ സംഘടിപ്പിച്ചു.




വിദ്യാഭ്യാസ അവകാശ നിയമം ശിൽപ്പശാല ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ മലപ്പുറത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തി
## വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരികം തുടങ്ങിയ
## അവബോധം സൃഷ്ടിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 12 ആദി



കണ്ണൂർ



കൊല്ലം







കാസർഗോഡ്



തിരുവനന്തപുരം





കോഴിക്കോട്





പത്തനംതിട്ട

**പരിപാടി ന**

പാണത്തൂർ (
കോരുത്തോട്
വടശ്ശേരിക്കര
സ്കൂൾ (പത്ത
ഐ.ജി.എം.എ
നിലമ്പൂർ (മ
അതിരപ്പള്ളി (
തിരുനെല്ലി (വ
കുളത്തൂപ്പുഴ
പയ്യാവൂർ (ക
എം.ആർ.എസ
(പാലക്കാട്)
ചക്കിട്ടപ്പാറ (
വെളിയാമറ്റം
വിതുര (തിരു

...ർ സംസ്ഥാനത്തെ ഗിരിവർഗ്ഗ മേഖലയിലെ കുട്ടികളുടെ
...വിഷയങ്ങളിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച്
...ിവാസി ഊരുകളിൽ 'കരുതൽ– 2022' പരിപാടി സംഘടിപ്പിച്ചു.



വയനാട്



പാലക്കാട്



തൃശ്ശൂർ




കോട്ടയം




മലപ്പുറം



ഇടുക്കി

| ...സംഘടിപ്പിച്ചത് | തീയതി |
|---|---|
| ...കാസർഗോഡ്) | 26.02.2022 |
| ...് (കോട്ടയം) | 08.03.2022 |
| ...എം.ആർ.എസ്. ...തനംതിട്ട) | 09.03.2022 |
| ...ം.ആർ.എസ്. ...ലപ്പുറം) | 10.03.2022 |
| ...(തൃശ്ശൂർ) | 10.03.2022 |
| ...യനാട്) | 11.03.2022 |
| ... (കൊല്ലം) | 12.03.2022 |
| ...ണ്ണൂർ) | 12.03.2022 |
| ...്. മുക്കാലി | 13.03.2022 |
| ...കോഴിക്കോട്) | 13.03.2022 |
| ... (ഇടുക്കി) | 14.03.2022 |
| ...വനന്തപുരം) | 14.03.2022 |

# ബാലാവകാശ കമ്മീഷൻ സന്ദർശനം നടത്തി

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ 2020 ഓഗസ്റ്റ് 22ന് പെട്ടിമുടിയിലെ ദുരന്ത ഭൂമി സന്ദർശിച്ചു. സംഘം ഉരുൾപൊട്ടലുായ മേഖലയിലെ സ്ഥിതിഗതികൾ വിലയിരുത്തി. ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തി അവരുടെ ഭാവി സംരക്ഷിക്കാൻ ആവശ്യമായ ഇടപെടലുകൾ കമ്മീഷൻ നടത്തി. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസമുൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പുവരുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൃത്യമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിൽ കമ്മീഷൻ ശ്രദ്ധിച്ചു.**

കാസർഗോട്ടെ കുക്കുഴിയിൽ അഞ്ചു വയസുകാരന് നിയമ പരിരക്ഷ ഉറപ്പാക്കാൻ ബാലാവകാശ കമ്മീഷൻ നടപടി സ്വീകരിച്ചു.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി കുറ്റകൃത്യങ്ങൾക്ക് വിധേയരാകുന്ന കുട്ടികൾക്ക് പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട്ടെ നേപ്പാൾ സ്വദേശിയെ ബാലാവകാശ കമ്മീഷൻ സന്ദർശിച്ചു.

പാലക്കാട് മോയൻസ്കൂൾ ഡിജിറ്റലൈസേഷൻ – സർക്കാർ ഫണ്ട് വിനിയോഗം സംബന്ധിച്ച സുതാര്യത ഉറപ്പാക്കുന്നതിന് ബാലാവകാശ കമ്മീഷൻ സ്കൂൾ സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു.

കാഞ്ഞിരപ്പുഴ പൂഞ്ചോല എൽ.പി. സ്കൂളിന്റെ ജീർണാവസ്ഥ-കമ്മീഷൻ സ്കൂൾ സന്ദർശിച്ച് സർക്കാരിന് റിപ്പോർട്ടു നൽകി.

കാസർഗോഡ് ഉടുമ്പുന്തല അംഗൻവാടി കെട്ടിടം പണിത് ഒരു വർഷത്തിനകം തകർന്ന സംഭവം-ബാലാവകാശ കമ്മീഷൻ സ്ഥലം സന്ദർശിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് ശിപാർശ നൽകി.

# ബാലാവകാശ വാരാഘോഷം 2021

**ബാലാവകാശ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സർക്കാർ ശിശു സംരക്ഷണ സ്ഥാപനങ്ങളിലും വനിതാ-ശിശുസംരക്ഷണ സ്ഥാപനങ്ങളിലും 2021 നവംബറിൽ ബാലാവകാശ വാരാഘോഷം സംഘടിപ്പിച്ചു.**







# ബാല്യം

കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനതലത്തിൽ 2021-22 വർഷത്തെ ബാലാവകാശ വാരാചരണം വിപുലമായാണ് സംഘടിപ്പിച്ചത്. കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം എന്നിവടങ്ങളിലെ കുട്ടികളുടെ ആത്മധൈര്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ അറിവ് നേടുന്നതിനുമായുള്ള കുട്ടികളുടെ ഉത്സവമായാണ് ബാലാവകാശ വാരം ആചരിച്ചത്.



കുട്ടികളുടെ കലാപരിപാടികൾ, ക്വിസ്, റാലി, വിനോദ യാത്രാ, കരകൗശല, മോട്ടിവേഷൻ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു. 2021 നവംബർ 14 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ പരിപാടികൾ നടത്തുകയും കുട്ടികൾക്ക് ഈ ദിവസങ്ങൾ ഉല്ലാസപ്രദമായിരുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ 31 ശിശുസംരക്ഷണ സ്ഥാപനങ്ങളിലാണ് ബാലാവകാശ വാരാചരണം സംഘടിപ്പിച്ചത്. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.























## ബാലാവകാശ വാരാചരണം സംഘടിപ്പിച്ച സ്ഥാപനങ്ങൾ

| | |
|---|---|
| ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തലശ്ശേരി, കണ്ണൂർ | വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, വെഞ്ഞാറമൂട് (കേരള മഹിള സമഖ്യ സൊസൈറ്റി) |
| ഹോളി ക്രോസ് വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, എറണാകുളം | വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, പ്രത്യാശ ഫോർ ഇന്റഗ്രേറ്റഡ് സോഷ്യൽ ആക്ഷൻ, തൃശ്ശൂർ |
| അസ്സീസി വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കൊട്ടിയം, കൊല്ലം | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, പൂജപ്പുര, തിരുവനന്തപുരം |
| ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, തലശ്ശേരി, കണ്ണൂർ | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് |
| വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കണ്ണൂർ (കേരള മഹിള സമഖ്യ സൊസൈറ്റി) | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട. |
| ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ, മലപ്പുറം | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോഴിക്കോട് |
| ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ, വയനാട് | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, നൂറനാട്, ആലപ്പുഴ. |
| ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ആന്റ് ഒബ്സർവേഷൻ ഹോം, തൃശ്ശൂർ. | എസ്.ഒ.എസ്. മോഡൽ ഹോം-1, തിരുവനന്തപുരം |
| | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കാസർഗോഡ്. |
| വിമൺ ആന്റ് ചിൽഡ്രൻസ് ഹോം (അനക്സ്), പി.ടി.പി നഗർ, തിരുവനന്തപുരം | വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, ആലപ്പുഴ. |
| | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, എറണാകുളം. |
| വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കാസർഗോഡ്. (കേരള മഹിള സമഖ്യ സൊസൈറ്റി) | എസ്.ഒ.എസ്. മോഡൽ ഹോം-2, തിരുവനന്തപുരം. |
| മോഡൽ വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, തൃശ്ശൂർ. (കേരള മഹിള സമഖ്യ സൊസൈറ്റി) | വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, ഇടുക്കി. |
| | വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കോട്ടയം. |
| വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, പാലക്കാട്. (കേരള മഹിള സമഖ്യ സൊസൈറ്റി) | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം. |
| | വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കോഴിക്കോട് |
| വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, വയനാട്. (കേരള മഹിള സമഖ്യ സൊസൈറ്റി) | ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കോട്ടയം |
| | വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, മലപ്പുറം. |

# സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കണം

കാസർഗോഡ് : ജില്ലയിലെ സ്കൂൾ കെട്ടിടങ്ങളുടെയും ബസ്സുകളുടെയും ഫിറ്റ്നസ് ഉറപ്പാക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം പി.പി. ശ്യാമളാദേവി നിർദ്ദേശിച്ചു. വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. വാഹനസൗകര്യം കുറവുള്ള 590 വിദ്യാലയങ്ങൾ ജില്ലയിലുണ്ട്. ഇവർക്ക് കെ.എസ്.ആർ.ടി.സി ബസ് സൗകര്യം ഉപയോഗിക്കാം. സ്കൂളുകളിൽ പരാതി പുസ്തകം സൂക്ഷിക്കണം. വിദ്യാർത്ഥികൾ ഇരുചക്ര വാഹനം ഉപയോഗിച്ചാൽ കർശന നടപടി സ്വീകരിക്കണം. ഓൺലൈൻ ക്ലാസുകളെ തുടർന്ന് വിദ്യാർത്ഥികളിൽ ഉണ്ടായ നവമാധ്യമ അടിമത്വം കുറയ്ക്കാനുള്ള സൈബർ ബോധവത്ക്കരണം നൽകണമെന്നും യോഗം വിലയിരുത്തി. കളക്ടർ സ്വാഗത് ആർ ഭണ്ഡാരി മുഖ്യപ്രഭാഷണം നടത്തി. അഡീഷണൽ എസ്. പി. ഹരീശ്ചന്ദ്ര നായ്ക്ക്, ജില്ലാ ശിശുസംരക്ഷണ ഓഫീസർ സി. എ. ബിന്ദു, എ.ഇ.ഒ അഗസ്ത്യൻ ബർനാഡ് എന്നിവർ സംസാരിച്ചു.



# കുട്ടികളുടെ സമഗ്രവികസനത്തിന് വകുപ്പുകളുടെ ഏകോപനം അനിവാര്യം

തൊടുപുഴ: കുട്ടികളുടെ പഠനത്തിനും വളർച്ചക്കും ആവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കണമെന്നും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മാത്രമേ കുട്ടികളുടെ സമഗ്ര വികസനം സാധ്യമാകു എന്നും വിദ്യാഭ്യാസമുള്ള തലമുറയെ വളർത്തിയെടുക്കാൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ പറഞ്ഞു. കോവിഡാന്തര കാലത്തിനു ശേഷം സ്കൂളുകളിൽ തിരിച്ചെത്തുന്ന വിദ്യാർത്ഥികൾക്ക് സൈബർ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ചും ബോധവത്ക്കരണം നൽകണമെന്നും കുട്ടികളുടെ മാനസിക സമ്മർദ്ദം ഒഴിവാക്കുന്നതിന് കൗൺസിലിംഗ് അടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സ്കൂളുകളുടെ സുരക്ഷയും, ശുചിത്വ സൗകര്യങ്ങൾ, അധ്യാപകരുടെയും വാക്സിനേഷൻ എന്നിവ ഉറപ്പുവരുത്തണം. ഇതിന് വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണെന്നും യോഗത്തിൽ കമ്മീഷൻ അറിയിച്ചു.

# കോവിഡാനന്തര വിദ്യാഭ്യാസം : പ്രശ്നങ്ങൾ പരിഹരിക്കും

തൃശ്ശൂർ : കോവിഡ് കാലം കഴിഞ്ഞ് വിദ്യാലയങ്ങൾ തുറക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിലുണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മുന്നേറുമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ പറഞ്ഞു. വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട ജില്ലാതല കർത്തവ്യവാഹകരുടെ കൂടിയാലോചനാ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാഭ്യാസ മേഖലയിലെ വിവിധ തലങ്ങളിൽ പിഴവുകൾ ഉണ്ടോയെന്ന് പരിശോധിച്ച് പ്രശ്നപരിഹാരത്തിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സ്കൂൾ ബസ്സുകളുടെ ഓട്ടം സംബന്ധിച്ച് ട്രാവൽ ലോഗ് വെയ്ക്കണമെന്ന ആശയം യോഗം ചർച്ച ചെയ്തു. ഹെവി ലൈസൻസുള്ള ഡ്രൈവർമാരെ മാത്രമാണ് സ്കൂൾ അധികൃതർ നിയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തണം. അറ്റകുറ്റ പണികൾ നടക്കുന്ന സ്കൂളുകളിൽ അപകട സാധ്യതയുണ്ടെങ്കിൽ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.



# ശിശുസൗഹൃദ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകണം

ആലപ്പുഴ: കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച നീണ്ട ഇടവേളയ്ക്കു ശേഷം സ്കൂളുകളിലെത്തുന്ന വിദ്യാർത്ഥികൾ നേരിടാൻ സാധ്യതയുള്ള വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി വിദ്യാഭ്യാസ അവകാശ നിയമത്തിലെ കർത്തവ്യവാഹകരുടെ ശിൽപ്പശാല സംഘടിപ്പിച്ചു. സ്കൂളിലെത്തുന്ന കുട്ടികളുടെ ശാരീരിക മാനസിക പ്രശ്നങ്ങളും അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും യോഗം വിശദമായി ചർച്ച ചെയ്തു. എല്ലാ വിദ്യാർത്ഥികളെയും സ്കൂളിലെത്തിക്കാനും ശിശുസൗഹൃദ അന്തരീക്ഷത്തിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും ആരോഗ്യ സുരക്ഷ ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ശിൽപ്പശാല ഉദ്ഘാടനം ചെയ്തു കൊണ്ട് ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ പറഞ്ഞു. മെച്ചപ്പെട്ട പഠനാന്തരീക്ഷവും സാമൂഹ്യ ചുറ്റുപാടുകളും ഉറപ്പാക്കുവാൻ സ്കൂൾതല സുരക്ഷാ സമിതികൾ ശ്രദ്ധിക്കണം. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടിസ്ഥാന സൗകര്യങ്ങൾ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, കുട്ടികളുടെ അവകാശ സംരക്ഷണം എന്നിവയ്ക്ക് മുൻഗണന നൽകണമെന്നും യോഗത്തിൽ കമ്മീഷൻ ആവശ്യപ്പെട്ടു.

# സംസ്ഥാന – ജില്ലാതല കർത്തവ്യ വാഹകരുടെ യോഗം സംഘടിപ്പിച്ചു

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ അവരുടെ ശാരീരിക മാനസിക ആരോഗ്യത്തെ സാരമായി ബാധിക്കുന്നതിനാൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും പുനരധിവാസ പ്രക്രിയയിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ബാലാവകാശ സംരക്ഷണ നിയമങ്ങളിൽ ലൈംഗികാതിക്രമങ്ങൾക്ക് ഇരയായ കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിയമമാണ് ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ നിയമം) 2012. ലൈംഗികാതിക്രമത്തെ അതിജീവിച്ച കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായി ആരോഗ്യവാൻമാരാക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നതിനും വിദ്യാഭ്യാസപരമായും തൊഴിൽപരമായും പ്രാപ്തരാക്കുന്നതിനും പുനരധിവാസ പ്രക്രിയ കാര്യക്ഷമമായി നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തുന്നതിനും നിയമത്തെക്കുറിച്ചും നിയമത്തിലെ ഭേദഗതി സംബന്ധിച്ചും കർത്തവ്യവാഹകരെ ബോധവാൻമാരാക്കുന്നതിനും പോക്സോ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിർദ്ദേശങ്ങൾ കമ്മീഷന് മുമ്പാകെ അവതരിപ്പിക്കുന്നതിനുമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പോക്സോ നിയമത്തിലെ കർത്തവ്യവാഹകരുടെ യോഗം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചു.

കുട്ടികളുടെ അവകാശവും സംരക്ഷണവും ഉറപ്പുവരുത്തുന്ന കർശന നിയമം നിലനിൽക്കുന്ന സാഹചര്യത്തിലും കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ പ്രതിദിനം വർദ്ധിച്ചു വരുന്നതിനാൽ ഈ നിയമനടത്തിപ്പിന്റെ പ്രാധാന്യം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മനസ്സിലാക്കുകയും നിയമവുമായി ബന്ധപ്പെട്ട മുഴുവൻ കർത്തവ്യവാഹകരെയും ഏകോപിച്ച് ലൈംഗികാതിക്രമത്തിന് വിധേയരായ കുട്ടികളുടെ സംരക്ഷണവും അവകാശങ്ങളും ഉറപ്പുവരുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യം.

പോക്സോ നിയമനടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തുടർപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓൺലൈനായി സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗം സംഘടിപ്പിച്ചു. ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് മേധാവി, സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റി മെമ്പർ സെക്രട്ടറി, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങൾ, നിർഭയ സെല്ലിന്റെ സംസ്ഥാന കോർഡിനേറ്റർ, ചൈൽഡ് ലൈൻ സംസ്ഥാന കോർഡിനേറ്റർ, ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറി, ബാലാവകാശ സംരക്ഷണ കമ്മീഷൻ രജിസ്ട്രാർ, ആരോഗ്യ വകുപ്പിന്റെ അഡീഷണൽ ഡയറക്ടർ, ഫോറൻസിക് മെഡിസിന്റെ ചീഫ് കൺസൾട്ടന്റ്, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ വിവിധ സെല്ലുകളിലെ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




പോക്സോ നിയമം, കോഴിക്കോട് ജില്ലാതല കർത്തവ്യവാഹകരുടെ യോഗത്തിൽ ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ , കമ്മീഷൻ അംഗങ്ങളായ ബി. ബബിത, കെ. നസീർ, രജിസ്ട്രാർ പി. വി. ഗീത, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർ പങ്കെടുക്കുന്നു.

# ജില്ലാതല ശിൽപ്പശാലകൾ

## ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ നിയമം) 2012

| ജില്ല | തീയതി |
|---|---|
| തിരുവനന്തപുരം | 17.12.2020 |
| കൊല്ലം | 11.12.2020 |
| ആലപ്പുഴ | 23.12.2020 |
| കോട്ടയം | 27.11.2020 |
| പത്തനംതിട്ട | 15.02.2021 |
| ഇടുക്കി | 30.11.2020 |
| എറണാകുളം | 28.12.2020 |
| തൃശ്ശൂർ | 24.12.2020 |
| കോഴിക്കോട് | 07.12.2020 |
| വയനാട് | 09.12.2020 |
| മലപ്പുറം | 02.12.2020 |
| കണ്ണൂർ | 17.11.2020 |
| പാലക്കാട് | 04.12.2020 |
| കാസർഗോഡ് | 17.11.2020 |

# ആശ്വാസനിധി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി

ലൈംഗിക അതിക്രമത്തെ അതിജീവിച്ചവർക്കുള്ള അടിയന്തിര ആശ്വാസം നൽകുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നഷ്ടപരിഹാരം നൽകുന്ന പദ്ധതിയായ ആശ്വാസനിധി'യുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുടെ കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ലൈംഗികാതിക്രമങ്ങൾ, നിഷ്ഠൂര കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണത്തിന് ഇരയായവർ, ഗാർഹിക പീഡനത്തിന് ഇരയായവർ, ഹീനമായ ലിംഗ വിവേചനത്തിന് ഇരയായവർ എന്നിങ്ങനെ തരംതിരിച്ച് പദ്ധതിയുടെ സേവനം ലഭ്യമാക്കി വരുന്നു. നിലവിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ള 3030 കേസുകളിൽ, 108 കേസുകളിൽ മാത്രമാണ് ആശ്വാസനിധിക്കായി നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിൽ 87 പോക്സോ കേസുകളിലെ അതിജീവിതർക്കാണ് ഫണ്ട് ലഭ്യമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച യോഗത്തിൽ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ, നിർഭയ സെൽ, ജില്ലയിലെ സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസറുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കമ്മീഷൻ വെബിനാർ സംഘടിപ്പിച്ചു.




# ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങൾ ശക്തമാക്കും

മന്ത്രി എം. വി. ഗോവിന്ദൻമാഷ്



ലഹരികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ വാർഡുകളിലും വിമുക്തി ജാഗ്രതസമിതികളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്ന് തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായ ജൂൺ – 26 ന് കുട്ടികൾക്കിടയിലെ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം' എന്ന വിഷയത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ കർത്തവ്യവാഹകർക്കായി സംഘടിപ്പിച്ച വെബിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളുടെ ക്ഷേമം എന്നത് ഒരു സാർവ്വത്രിക അഭിലാഷമാണ്. അതിന് വിഘാതമാകുന്ന മദ്യം, മയക്കുമരുന്നു അടക്കമുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം ഇന്ന് വർദ്ധിച്ചു വരുന്നു. വൈദ്യശാസ്ത്ര ഇടപെടലുകളുടെകൂടെ വിവിധ തലങ്ങളിലുള്ള ശ്രമവും ഇത് തടയുന്നതിനായി ഏകോപിപ്പിക്കണമെന്നും മദ്യത്തോട് ആസക്തിയുള്ള വ്യക്തിയും അയാളുടെ കുടുംബവും, സമൂഹവും, നിയമവ്യവസ്ഥയും, സർക്കാർ സംവിധാനങ്ങളും ഏകോപനപരമായി പ്രവർത്തിച്ചാൽ മാത്രമേ ലഹരി ഉപയോഗിക്കുന്ന പ്രവണതയെ ചെറുക്കാൻ സാധിക്കൂ.

കേരളത്തിൽ കുട്ടികൾക്കിടയിൽ മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികൾക്കിടയിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിനും സമൂഹത്തിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും കർത്തവ്യവാഹകരെ ശാക്തീകരിക്കുക എന്നതായിരുന്നു വെബിനാറിന്റെ ഉദ്ദേശ്യം. ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ ചടങ്ങിൽ അധ്യക്ഷനായി. വിവിധ ജില്ലകളിലെ വിമുക്തി മിഷൻ മാനേജർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ശരണബാല്യം കോർഡിനേറ്റർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെ അധികാരികൾ, ചൈൽഡ്ലൈൻ കോർഡിനേറ്റർ, ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ എന്നിവരാണ് വെബിനാറിൽ പങ്കെടുത്തത്. ബാലാവകാശ കമ്മീഷൻ അംഗങ്ങളായ സി. വിജയകുമാർ, പി. പി. ശ്യാമളാദേവി, റെനി ആന്റണി, ഫാ. ഫിലിപ് പറക്കാട്ട്, കെ. നസീർ, ബി. ബബിത എന്നിവർ പങ്കെടുത്തു.



# സൈബർ ഇടങ്ങളിലെ സുരക്ഷയും കുട്ടികളും വെബിനാർ സംഘടിപ്പിച്ചു

കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ അധ്യയനം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിയിരുന്ന പശ്ചാത്തലത്തിൽ കുട്ടികൾക്കിടയിൽ മൊബൈൽ, ലാപ്ടോപ്, ടാബ്ലെറ്റ് ഇതര സാങ്കേതിക ഉപകരണങ്ങൾ എന്നിവയുടെ ഉപയോഗം വർദ്ധിച്ചു വരുന്നു. സൈബർ അധിഷ്ഠിത പരാതികൾ സമർപ്പിക്കുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായി നീതിനിർവഹണം ഉറപ്പാക്കുന്നതിനും സർക്കാർ സംവിധാനങ്ങൾ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ടെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ സൈബർ അധിഷ്ഠിത സാങ്കേതിക വിദ്യ നിർഭയമായും ശരിയായ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനും, സൈബർ ഇടങ്ങൾ ഉയർത്തുന്ന അപകടസാധ്യതകളെകുറിച്ച് കൃത്യമായ ബോധവത്ക്കരണം നൽകേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സംവിധാനങ്ങൾ സജ്ജമാക്കി കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 16.08.2021 ന് അവലോകനായോഗംസംഘടിപ്പിച്ചു. യോഗത്തിന്റെ ഉദ്ഘാടനം ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ നിർവഹിച്ചു. കമ്മീഷൻ അംഗങ്ങളായ സി. വിജയകുമാർ, കെ. നസീർ, ഫാ. ഫിലിപ്പ് പറക്കാട്ട്, പി. പി. ശ്യാമളാദേവി, റെനി ആന്റണി, ബി. ബബിത എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഒരു കുട്ടി പോലും സൈബർ ആക്രമണത്തിന് ഇരയാകാതിരിക്കാൻ ബന്ധപ്പെട്ട കർത്തവ്യവാഹകർ മുഖേന അടിയന്തിര ഇടപെടലുകൾ നടത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച യോഗത്തിൽ വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഐ.ടി. വകുപ്പ് സെക്രട്ടറി, സൈബർ ഡോം നോഡൽ ഓഫീസർ, എ.ഡി.ജി.പി ഹൈടെക് സെൽ, ആരോഗ്യവകുപ്പ് ഡയറക്ടർ, സൈബർ ഫോറൻസിക് എക്സ്പെർട്ട് എന്നിവർ പങ്കെടുത്തു.

# പോലീസ് നിർവാഹകരുടെ കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു

ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015, ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2012 എന്നിവ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും ദത്തെടുക്കൽ പ്രക്രിയകളുടെയും നിരീക്ഷണ ചുമതല സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമായതിനാൽ കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കപ്പെട്ട പോലീസ് നിർവാഹകർക്കായി കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു. 18.11.2021 ന് തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി ഹാളിൽ നടന്ന ചടങ്ങിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ യോഗം ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കെതിരായ അതിക്രമങ്ങളോ അവകാശലംഘനങ്ങളോ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിൽ പോലീസിന്റെ ഉത്തരവാദിത്തം വലുതാണെന്ന് അദ്ദേഹം പറഞ്ഞു. കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിയുക്തരായ പോലീസ് ഉദ്യോഗസ്ഥർക്ക് വിവരശേഖരണത്തിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തയാറാക്കിയ പ്രത്യേക ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ചർച്ചയും നടന്നു. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങളായ ബി. ബബിത, കെ. നസീർ, ഫാ. ഫിലിപ്പ് പറക്കാട്ട്, പി.പി. ശ്യാമളാദേവി, സി. വിജയകുമാർ, റെനി ആന്റണി എന്നിവർ പങ്കെടുത്തു. സംസ്ഥാന-ജില്ലാ ക്രൈം റിക്കോർഡ്സ് ബ്യൂറോയിലെ ഉദ്യോഗസ്ഥർ, സർക്കിൾ ഇൻസ്പെക്ടർമാർ, ഡി.വൈ.എസ്.പി. മാർ എന്നിവർ പങ്കെടുത്തു.




പോക്സോ നിയമം കർത്തവ്യവാഹകരുടെ യോഗം തിരുവനന്തപുരത്ത്
കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## സർക്കാർ സ്കൂൾ ഭൂമി വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ല

സർക്കാർ സ്കൂളുമായി ബന്ധപ്പെട്ട ഭൂമിയിൽ വിദ്യാഭ്യാസ ആവശ്യത്തിനല്ലാത്ത മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുതെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. നെടുമങ്ങാട് ഗവ. എൽ.പി. സ്കൂളിന് സമീപം പൊതുജനങ്ങൾക്കായി നഗരസഭ നിർമ്മിക്കുന്ന



ശൗചാലയ നിർമ്മാണം ഉടൻ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സ്കൂൾ കുട്ടികൾ നൽകിയ ഹർജി തീർപ്പാക്കികൊണ്ട് കമ്മീഷൻ അംഗം കെ. നസീറാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

# വന്യജീവികളുടെ ആക്രമണം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടിക്ക് സർക്കാരിന് ശുപാർശ നൽകും.

തൃശ്ശൂർ: വനമേഖലയിൽ ജനങ്ങൾക്കുനേരെ വന്യജീവികളുടെ ആക്രമണം ഉണ്ടാകാതിരിക്കാൻ മുൻകരുതൽ നടപടി സ്വീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന് നൽകുമെന്ന് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ പറഞ്ഞു.

അതിരപ്പിള്ളി കണ്ണൻകുഴിയിൽ ആനയുടെ ആക്രമണത്തിൽ മരിച്ച ആഗ്നിമിയയുടെ പുത്തൻചിറയിലെ വീട്ടിലെത്തിയശേഷം അറിയിക്കുകയായിരുന്നു അദ്ദേഹം. ഇനി ഇത്തരം അനുഭവങ്ങൾ കുട്ടികൾക്ക് ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുമെന്ന് ചെയർപേഴ്സൺ കുടുംബത്തെ അറിയിച്ചു. കമ്മീഷൻ അംഗം സി. വിജയകുമാറും സന്ദർശനത്തിൽ അനുഗമിച്ചു.



## സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അച്ചടി മാധ്യമങ്ങളിൽ



മലയാള മനോരമ

ആദിവാസി മേഖലയിലെ കുട്ടികളെ കൈപിടിച്ചുയർത്താൻ ബാലാവകാശ കമ്മിഷൻ

സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും

കെ.വി.മനോജ് കുമാർ, അധ്യക്ഷൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ

അട്ടപ്പാടിയിൽ ബാലാവകാശ കമ്മീഷന്റെ ഇടപെടലുകൾക്കു ശരവേഗം

എം.വി. വസന്ത്

പാലക്കാട്: ശിശുദിനത്തോടനുബന്ധിച്ചുള്ള പശ്ചാത്തലത്തിൽ അട്ടപ്പാടിയിൽ ബാലാവകാശ കമ്മിഷന്റെ ഇടപെടലുകൾക്കു ശരവേഗം. ഇക്കഴിഞ്ഞ ആറിന് അട്ടപ്പാടിയിലെത്തിയ കമ്മിഷൻ നൽകിയ ഉറപ്പാണ് പത്തുനാൾക്കകം യാഥാർഥ്യമാകുന്നത്.

കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുമായി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കുമെന്നു കമ്മിഷൻ ഉറപ്പു നൽകിയിരുന്നു. ഇതിൻപ്രകാരം അട്ടപ്പാടി നോഡൽ ഓഫിസറുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സിനായി ഉത്തരവിടുകയും പ്രാരംഭ പ്രവൃത്തികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ഫോറസ്റ്റ് ഓഫിസർ, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് എക്സൈസ് ഡിവിഷൻ ഓഫിസർ, ജില്ലാ സാമൂഹ്യനീതി ഓഫിസർ, സൈലന്റ് വാലി വൈൽഡ് ലൈഫ് വാർഡൻ, അട്ടപ്പാടി ഐടിഡിപി പ്രോജക്ട് ഓഫിസർ, മണ്ണാർക്കാട് കെഎസ്ഇബി എക്സിക്യൂട്ടീവ് എൻജിനീയർ, അട്ടപ്പാടി വനിതാ- ശിശു വികസന ഓഫിസർ, അട്ടപ്പാടി ട്രൈബൽ താലൂക്ക് തഹസിൽദാർ, അട്ടപ്പാടി കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ എന്നിവരാണ് ടാസ്ക് ഫോഴ്സിലുണ്ടാകുക.

ബാലാവകാശ സംരക്ഷണ ഉദ്യോഗസ്ഥരുടെ സ്ഥിരം സംവിധാനമാണ് ടാസ്ക് ഫോഴ്സിലൂടെ കമ്മിഷൻ ലക്ഷ്യമിടുന്നത്. ശിശുദിനം മാത്രമല്ല അട്ടപ്പാടിയിലെ...

ഇനിവരും തലമുറയ്ക്കായി... പൂക്കട്ടെ ബാലസൗഹൃദം

ഓൺലൈൻ പഠനത്തിനിടെ
കുട്ടികളെ പോലീസ് മർദ്ദിച്ച സംഭവം

# കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പോലീസിനെതിരെയുള്ള വകുപ്പുതല നടപടി പൂർത്തിയാക്കണം



ഓൺലൈൻ പഠനത്തിനിടെ പ്രായപൂർത്തിയാകാത്ത 4 കുട്ടികളെ കാട്ടാക്കട പോലീസ് കേബിൾ വയർ കൊണ്ട് മർദ്ദിച്ചതായും സ്റ്റേഷനിൽ കൊണ്ടുപോയി പീഡിപ്പിച്ചതായുമുള്ള സംഭവത്തിൽ ഹർജിക്കാരുടെ മൊഴി രേഖപ്പെടുത്തി കുറ്റകൃത്യം വെളിവായാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സമയബന്ധിതമായി പൂർത്തിയാക്കാനും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ അംഗം കെ. നസീർ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചിന്റെതാണ് ഉത്തരവ്.

സംഭവത്തെ തുടർന്ന് കഴിഞ്ഞ ജൂൺ 7ന് കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 38 പ്രകാരം സംഭവ സ്ഥലം സന്ദർശിച്ച് പോലീസ് വാഹനത്തിൽ നിന്നും കുട്ടികളെ മർദ്ദിക്കാൻ ഉപയോഗിച്ചതായി പറയുന്ന കേബിൾ വയർ കണ്ടെടുത്തിരുന്നു.

സംസ്ഥാന പോലീസ് മേധാവി, ജില്ലാ പോലീസ് മേധാവി, കാട്ടാക്കട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവരുട റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചു. ഹർജിക്കാരെയും എതിർകക്ഷികളേയും നേരിൽ കേട്ടു. എതിർ വിസ്താരത്തിലും ഹർജിക്കാരുടെ മൊഴി ഖണ്ഡിക്കുന്ന തരത്തിലുള്ള യാതൊന്നും കമ്മീഷന് കണ്ടെത്താനായില്ല. പരാതി നൽകിയിട്ടും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയില്ലെന്ന് ഹർജിക്കാർ കമ്മീഷനെ ബോധിപ്പിച്ചു.

വസ്തുതകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ മൊഴി രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനും സംഭവവുമായി ബന്ധപ്പെട്ട് സബ് ഇൻസ്പെക്ടർമാരായ ടി. അനീഷ് സുരേഷ്കുമാർ പോലീസുകാരായ അനുരാഗ് ബിനു എന്നിവർക്കെതിരെ ആരംഭിച്ച വകുപ്പുതല നടപടി സമയ ബന്ധിതമായി പൂർത്തിയാക്കാനുമാണ് കമ്മീഷൻ ഉത്തരവായത്.

## സ്കൂൾ കുട്ടികളോട് അപമര്യാദയായ പെരുമാറ്റം:

# സ്വകാര്യ ബസ് ജീവനക്കാരുടെ ലൈസൻസും ബസിന്റെ പെർമിറ്റും റദ്ദ് ചെയ്യണം

കേരളത്തിലെ സ്വകാര്യ സ്റ്റേജ് കാര്യേജ് ബസ് ജീവനക്കാർ കുട്ടികളോട് അപമര്യാദയായും വിവേചനപരമായും പെരുമാറിയാൽ ജീവനക്കാരുടെ ലൈസൻസും ബസിന്റെ പെർമിറ്റും റദ്ദ് ചെയ്യണമെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ ട്രാൻസ്പോർട്ട് കമ്മീഷണറും സംസ്ഥാന പോലീസ് മേധാവിയും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കണമെന്നും ബാലാവകാശ കമ്മീഷൻ അംഗം റെനി ആന്റണി പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശം നൽകി.

സ്വകാര്യ ബസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നിഷേധിക്കുന്നതും സീറ്റ് ഒഴിഞ്ഞു കിടന്നാലും കുട്ടികളെ ഇരിക്കാൻ അനുവദിക്കാത്തതും കമ്മീഷൻ ഗൗരവമായാണ് കാണുന്നത്. വിദ്യാർത്ഥികൾ കൈകാണിച്ചാൽ നിർത്താതെ പോകുന്നതും സീറ്റിൽ ഇരുന്നുള്ള യാത്ര നിഷേധിക്കുന്നതും കുട്ടികളോടുള്ള കടുത്ത വിവേചനവും കുട്ടികൾക്കായുള്ള ദേശീയവും അന്തർദേശീയവുമായ അവകാശ നിയമങ്ങളുടെ ലംഘനവുമാണെന്ന് വിലയിരുത്തിയ കമ്മീഷൻ ഇത്തരം സംഭവങ്ങളുണ്ടായാൽ കർശന നടപടി സ്വീകരിക്കാനും ട്രാൻസ്പോർട്ട് കമ്മീഷണറോട് നിർദ്ദേശിച്ചു.

കുട്ടികൾക്ക് സ്കൂളിലെത്താനുള്ള ബസ്, സ്റ്റോപ്പിൽ നിർത്താതെ പോകുന്നു. ബസിൽ കയറാൻ ഇടയായാൽ ബസ് ജീവനക്കാർ കുട്ടികളോട് അപമര്യാദയായി പെരുമാറുന്നു. കുട്ടികൾക്ക് പരീക്ഷകൾക്ക് സമയത്തിന് എത്താൻ കഴിയുന്നില്ല തുടങ്ങിയ പരാതികളുന്നയിച്ച് ഇടുക്കിയിലെ റ്റോം ജോസഫ് ബാലാവകാശ കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഉത്തരവ്.

# ബാലന് ചികിത്സ നൽകുന്നതിൽ വീഴ്ച – ഡോക്ടറുടെ ശമ്പളത്തിൽ നിന്നും 50,000 രൂപ നഷ്ടപരിഹാരം നൽകണം

ചികിത്സ തേടി വൈത്തിരി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെത്തിയ കുട്ടിക്ക് ചികിത്സ നൽകുന്നതിൽ വീഴ്ച വരുത്തിയ ഡോക്ടറുടെ ശമ്പളത്തിൽ നിന്നും 50,000 രൂപ നഷ്ടപരിഹാരം നൽകാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. അനുവദിക്കുന്ന തുക കുട്ടിക്ക് വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്നും തികഞ്ഞ ബാലാവകാശ ലംഘനം നടന്നതായി വിലയിരുത്തിയ കമ്മീഷൻ കുട്ടിയുടെ പ്രായവും അവന്റെ ഭാവിയെ ബാധിക്കുന്ന തരത്തിലുള്ള നഷ്ടവും പരിഗണിച്ച് അംഗങ്ങളായ കെ. നസീർ, ബി. ബബിത എന്നിവരുടെ ഡിവിഷൻ ബഞ്ചാണ് നഷ്ട പരിഹാരം നൽകാൻ ഉത്തരവായത്.

താലൂക്ക് ആശുപത്രി ഡോക്ടർ, സ്റ്റാഫ് നേഴ്സ് എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയും പരാതിക്കാരന്റെ ആരോപണങ്ങളും സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കാനും ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, വൈത്തിരി താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

2019 ഡിസംബർ 5 രാത്രി കുട്ടിയെ വൃഷ്ണ സംബന്ധമായ അസുഖത്തെ തുടർന്ന് വൈത്തിരി താലൂക്ക് ആശുപത്രി കാഷ്വാലിറ്റിയിൽ കാണിച്ചു. മകന് കലശലായ വേദനയുണ്ടായിരുന്നിട്ടും ഡോക്ടർ ശരിക്കു പരിശോധിക്കാതെ ഗുളികയും ഇഞ്ചക്ഷനും നൽകി സ്റ്റാഫ് നേഴ്സിനോട് കുട്ടിയെ നോക്കാൻ പറഞ്ഞു. കുട്ടിയുടെ പിതാവിനെ രോഗത്തിന്റെ ഗൗരവം അറിയിച്ചില്ല. ഉടനെ സർജറി ചെയ്യാൻ പറ്റുന്ന ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തിരുന്നെങ്കിൽ മകന് ഈ അവസ്ഥ വരില്ലായിരുന്നു. ഡോക്ടറുടെ നിരുത്തരവാദപരമായ സമീപനത്തിൽ മകന് നഷ്ടപ്പെട്ടത് അവന്റെ ഭാവിയും ഏറ്റവും പ്രധാനപ്പെട്ട അവയവവുമാണ്. ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ടാണ് കുട്ടിയുടെ അച്ഛൻ കമ്മീഷനെ സമീപിച്ചത്.

# കുട്ടിയുടെ സ്വകാര്യതയെ ബാധിക്കുന്ന വിവരം മാധ്യമങ്ങൾ പ്രസിദ്ധീകരിക്കരുത്

ദത്ത് നൽകിയതുമായി ബന്ധപ്പെട്ട് കുട്ടിയുടെയും ദത്തെടുക്കുന്ന മാതാപിതാക്കളുടെയും സ്വകാര്യതയെ ബാധിക്കുന്ന യാതൊരു വിവരങ്ങളും മാധ്യമങ്ങൾ പ്രസിദ്ധീകരിക്കരുതെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. ദത്ത് നടപടിയുമായി ബന്ധപ്പെട്ട് വരുന്ന മാധ്യമ വാർത്തകൾ കുട്ടിയുടെ സ്വകാര്യതയെ ബാധിക്കുന്ന സാഹചര്യത്തിൽ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ചാണ് ചെയർപേഴ്സൺ കെ വി മനോജ് കുമാർ അംഗങ്ങളായ കെ നസീർ, ഫാദർ ഫിലിപ്പ് പറക്കാട്ട് എന്നിവരടങ്ങുന്ന ഫുൾ ബെഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

ദത്ത് നൽകിയ കുട്ടിയുടേയോ രക്ഷിതാക്കളുടെയോ സ്വകാര്യത ലംഘിക്കുന്ന യാതൊരു വിവരവും അച്ചടി-ദൃശ്യ-ശ്രാവ്യ-സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുത്. ബോധവൽക്കരണത്തിന്റെ ഭാഗമായി ഇക്കാര്യം ആഭ്യന്തര സെക്രട്ടറിയും പോലീസ് മേധാവിയും തങ്ങളുടെ ഫേയ്സ് ബുക്ക്, ട്വിറ്റർ തുടങ്ങിയ അക്കൗണ്ടുകൾ വഴി നൽകണം. കുട്ടിയെ തന്നിൽ നിന്നും വേർപെടുത്തിയതായി കാണിച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ട കേസിലെ കുട്ടിയുടെയോ ദത്ത് അപേക്ഷകരായ മാതാപിതാക്കളുടെയോ യാതൊരു സ്വകാര്യ വിവരവും മാധ്യമങ്ങൾ വെളിപ്പെടുത്താൻ പാടില്ല. ഇക്കാര്യം മാധ്യമങ്ങൾ പാലിക്കണമെന്ന് കാണിച്ച് സ്ഥാപന മേധാവികൾക്ക് അറിയിപ്പ് നൽകാൻ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറിക്കും, ഡയറക്ടർക്കും കമ്മീഷൻ നിർദ്ദേശം നൽകി. ദത്ത് മാതാപിതാക്കളുടേയും കുട്ടിയുടെയും സ്വാഭാവിക രക്ഷിതാക്കളുടെയും സ്വകാര്യത സംരക്ഷിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ദത്ത് നടപടികൾ രക്ഷിതാക്കളുടെയും കുട്ടിയുടെയും സ്വകാര്യത പൂർണ്ണമായും പാലിക്കപ്പെടണമെന്ന് 2015ലെ ബാലനീതി നിയമം വ്യവസ്ഥ ചെയ്യുന്നു. കുട്ടികളുടെ സ്വകാര്യത ലംഘിച്ച് മാധ്യമങ്ങളിൽ വാർത്തകൾ നൽകുന്നത് നിയമവിരുദ്ധമാണ്. ആയത് 6 മാസം തടവോ, രണ്ട് ലക്ഷം രൂപ പിഴയോ, രണ്ടും ഒന്നിച്ചോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. ദത്തെടുക്കപ്പെടുന്ന കുട്ടിയുടേയോ രക്ഷിതാക്കളുടെയോ സ്വകാര്യത കാത്ത് സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കി സമൂഹത്തിലെ മുഴുവൻ പേർക്കും ബോധവൽക്കരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാമൂഹികനീതി - വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി പ്രോഗ്രാം മാനേജർ എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

തന്റെ സമ്മതമില്ലാതെ മാതാപിതാക്കൾ കുഞ്ഞിനെ തന്നിൽ നിന്നും വേർപെടുത്തി നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും കടലാസുകളിൽ ഒപ്പിട്ടു വാങ്ങിയതായും കുട്ടിയെ തിരിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കമ്മീഷൻ മുമ്പാകെ കുട്ടിയുടെ അമ്മ പരാതി നൽകിയിരുന്നു.



# ഹയർ സെക്കണ്ടറി ഒന്നാം വർഷം പരീക്ഷ എഴുതിയവർക്ക് ഇംപ്രൂവ്മെന്റിന് അവസരം നൽകണം

ഹയർ സെക്കണ്ടറി ഒന്നാം വർഷം പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ അവസരം നൽകണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ കമ്മീഷൻ അംഗങ്ങളായ ബി. ബബിത, റെനി ആന്റണി എന്നിവരുടെ ഫുൾ ബെഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

കോവിഡ് സാഹചര്യത്തിൽ കുട്ടികൾക്ക് ലഭിച്ച മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള അവസരം നിഷേധിക്കുന്നത് അവരുടെ മാനസിക പിരിമുറുക്കവും ഭാവിയെ കുറിച്ചുള്ള ഉത്കണ്ഠയും കൂട്ടും. മുൻവർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം ഒരു വർഷത്തേക്ക് മാത്രം ഇല്ലാതാക്കാൻ പാടില്ല. കോവിഡ് രോഗവ്യാപന ഭീതിയിൽ പരീക്ഷ എഴുതിയ കുട്ടികൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാനുള്ള അവസരം നിഷേധിക്കുന്നത് കുട്ടികൾക്കായുള്ള ദേശീയവും അന്തർദേശീയവുമായ അവകാശ നിയമങ്ങളുടെ ലംഘനമായാണ് കമ്മീഷൻ കാണുന്നത്. ഈ സാഹചര്യത്തിലാണ് പരിമിതമായ സമയം ക്രമീകരിച്ച് ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ നടത്താൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കും ഡയറക്ടർക്കും കമ്മീഷൻ നിർദ്ദേശം നൽകിയത്.

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ കഴിയാത്തതിനാൽ കടുത്ത മാനസിക സംഘർഷങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്നും, കോവിഡ്-19 ബാധിച്ച കുടുംബ പശ്ചാത്തലവും ശാരീരിക അവശതകളും മാനസിക പിരിമുറുക്കവും മൂലം വിദ്യാർത്ഥികൾക്ക് പല വിഷയങ്ങളും ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ കഴിഞ്ഞിട്ടില്ല. ഉദ്ദേശിച്ച മാർക്കുകൾ ലഭിക്കാത്തത് കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് തടസ്സമാകും. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി നിരവധി പരാതികൾ കമ്മീഷന് ലഭിച്ച സാഹചര്യത്തിലാണ് കുട്ടികൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ അവസരം നൽകാൻ കമ്മീഷൻ നിർദ്ദേശിച്ചത്.

## വ്യവസ്ഥകൾ പാലിച്ചാൽ മാത്രം സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയാൽ മതി

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നതിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കാനും അതിലെ വ്യവസ്ഥകൾ പാലിച്ചാൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകാവു എന്നും ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇക്കാര്യം കൃത്യമായി പാലിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, നഗരാസൂത്രണ ഡയറക്ടർ എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. കുന്ദമംഗലം എ.യു.പി. സ്കൂൾ മുറ്റത്തെ മാലിന്യം സംബന്ധിച്ച് മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച് അംഗങ്ങളായ കെ. നസീർ, ബി. ബബിത എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

സംസ്ഥാനത്തെ തമിഴ് കന്നഡ സ്കൂളുകളിൽ സ്ഥാനകയറ്റം, സ്ഥലം മാറ്റം എന്നിവ വഴി നിയമിക്കപ്പെടുന്ന പ്രഥമാദ്ധ്യാപകരുടെ മാതൃഭാഷ ആ സ്കൂളിലെ ബോധനമാധ്യമം ആയിരിക്കണമെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. മലയാളം, തമിഴ്, കന്നഡ മീഡിയം സ്കൂളുകളിൽ ബോധനമാധ്യമത്തിൽ പ്രാവീണ്യമില്ലാത്തവർ പ്രഥമാദ്ധ്യാപക രായി വരുന്നത് കുട്ടികളുടെ പഠനത്തെയും സ്കൂളിന്റെ അക്കാദമിക് നിലവാരത്തേയും ബാധിക്കും. ഇത്തരത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത് കുട്ടികളുടെ അവകാശ നിയമ ങ്ങളുടെ ലംഘനമായി കണ്ട് കമ്മീഷൻ അംഗം റെനി ആന്റണിയാണ് ഉത്തരവ് പുറ പ്പെടുവിച്ചത്.

> “ തമിഴ് കന്നഡ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ മാതൃഭാഷ ആ സ്കൂളിലെ **ബോധനമാധ്യമം ആയിരിക്കണം** ”

ഇടുക്കിയിലും മറ്റ് ചില ജില്ലകളിലും മലയാളം മീഡിയം സ്കൂളുകളിൽ തമിഴ് അധ്യാപ കരെ നേരിട്ടും സ്ഥലം മാറ്റം മുഖേനയും പ്രഥമാദ്ധ്യാപക രായി നിയമിക്കുന്നു. മലയാളം അറിയാത്ത പ്രഥമാദ്ധ്യാപകർക്ക് പഠിപ്പിക്കാനോ മറ്റ് അദ്ധ്യാ പകരുടെ ടീച്ചിങ് നോട്സ് പരിശോധിക്കാനോ കഴിയില്ല. മലയാളം മീഡിയം സ്കൂളുകളിൽ മലയാള ഭാഷാ പ്രാവീണ്യമുള്ളവരെ മാത്രമേ പ്രഥമാദ്ധ്യാപകരായി നിയമിക്കാവൂ തുടങ്ങിയ വിഷയങ്ങൾ പരാമർശിച്ച് വെള്ളത്തൂവൽ ഗവൺമെന്റ് എൽ.പി. സ്കൂൾ പി.ടി.എ പ്രസിഡന്റ് കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഉത്തരവ്.

## സൈക്കിൾ യാത്രക്കാരുടെ സുരക്ഷക്ക് ചട്ടങ്ങൾ നിർമ്മിക്കുകയോ പരിഷ്ക്കരിക്കുയോ ചെയ്യണം



കുട്ടികളുൾപ്പെടെയുള്ള സൈക്കിൾ യാത്രക്കാരുടെ സുരക്ഷക്ക് ചട്ടങ്ങൾ നിർമ്മിക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്യണമെന്ന് ബാലാ വകാശ കമ്മീഷൻ ഉത്തരവായി. ഇതിന് ആവശ്യമായ നടപടി സ്വീകരി ക്കാൻ ഗതാഗത വകുപ്പ് സെക്രട്ടറിക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും കമ്മീഷൻ നിർദ്ദേശം നൽകി. നടപടികൾക്ക് കാലതാമസം വന്നാൽ സൈക്കിൾ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിശദമായ ഉത്തരവുകൾ പുറപ്പെടുവിക്കണം. ആയതിന് ഗതാഗത, ആഭ്യന്തരവകുപ്പ് സെക്രട്ടറിമാർ സംസ്ഥാന പോലീസ് മേധാവി ട്രാൻസ്പോർട്ട് കമ്മീഷ ണർ എന്നിവർ നടപടി സ്വീകരിക്കണമെന്നും ബാലാവകാശ കമ്മീഷൻ അംഗം കെ. നസീർ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചു.

റോഡ് സെയ്ഫ്റ്റി അതോറിറ്റി ബാലാവകാശ കമ്മീഷന് സമർപ്പിച്ച സ്ഥിതിവിവര കണക്കുകൾ പ്രകാരം 2018 ൽ കേരളത്തിൽ 1146 സൈക്കിൾ യാത്രക്കാർ അപകടത്തിൽപ്പെട്ടു. 86 പേർക്ക് മാരകമായി പരിക്കേൽക്കുകയും 86 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. 2019ലും 2020ലും ഇത് യഥാക്രമം (1013, 812) (100, 84) (101, 88) ആണ്. 2018 മുതൽ 2020 വരെയുള്ള കാലഘട്ടങ്ങളിൽ കേരളത്തിൽ ഏറ്റവും കൂടുതൽ സൈക്കിൾ യാത്രക്കാർ മരണപ്പെട്ടിരിക്കുന്നത് ആലപ്പുഴ (71) തൃശൂർ (54) എറണാകുളം (44) ജില്ലകളിലാണ്. കേരളത്തിൽ സൈക്കിൾ ഉപയോഗിക്കുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ അപകടത്തിൽപ്പെടുന്നതും മരണം കൂടി വരുന്നതും കമ്മീഷൻ വളരെ ഗൗരവത്തോടെയാണ് കാണുന്നത്.

ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണം. രാത്രി സൈക്കിൾ യാത്ര നടത്തുന്നവർ സൈക്കിളിൽ റിഫ്ളാക്ടറുകൾ ഘടിപ്പിക്കുകയും മധ്യലൈറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. ഹെൽമറ്റ് റിഫ്ളാക്ട് ജാക്കറ്റ് എന്നിവ ധരിക്കണം. അമിത വേഗത്തിലുള്ള യാത്രകൾ നിയന്ത്രിക്കണം. സൈക്കിൾ പൂർണ്ണമായും സുരക്ഷിതമാണെന്നും മറ്റു തകരാറുകൾ ഇല്ലെന്ന് ഉറപ്പാക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ മാനദണ്ഡങ്ങളിൽ ഉൾപ്പടുത്തണം.

നാഷണൽ ഹൈവേകളിലും മറ്റു റോഡുകളിലും സൈക്കിൾ യാത്രക്ക് പ്രത്യേക ഭാഗം അടയാളപ്പെടുത്തി ട്രാക്ക് സ്ഥാപിക്കണം. സൈക്കിൾ യാത്രയെകുറിച്ചും സൈക്കിൾ യാത്രക്കാർ പാലിക്കേണ്ട സുരക്ഷയെ സംബന്ധിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനും ശരിയായി പരിശീലനം നൽകുന്നതിനും നടപടി. ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ സ്കൂളുകൾക്ക് ചുറ്റുമുള്ള സ്ഥലങ്ങളിലും സമീപമുള്ള റോഡുകളിലും രാവിലെയും വൈകുന്നേരവും ഡ്യൂട്ടിക്ക് പതിവായി നിയോഗിക്കണം. പോലീസ് മൊബൈൽ പട്രോളിംഗും ബൈക്ക് പട്രോളിംഗും സ്കൂൾ സോൺ റോഡുകളിൽ സ്ഥിരമായി ക്രമീകരിക്കാനും നടപടി റിപ്പോർട്ട് 90 ദിവസത്തിനുള്ളിൽ നൽകാനും കമ്മീഷൻ നിർദ്ദേശിച്ചു.

റോഡുകളിൽ സൈക്കിളുകൾ ഉപയോഗിക്കുന്നവർ അപകടത്തിൽപ്പെടുന്നതിന് മോട്ടോർ വാഹനങ്ങൾ ഒരു കാരണമാകുന്നു. ആയതിന് സൈക്കിൾ യാത്രക്കാരടക്കമുള്ള യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് മോട്ടോർ വാഹന റഗുലേഷൻ കർശനമായി സംസ്ഥാനത്ത് നടപ്പാക്കണം. യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ചട്ടങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുള്ളതിനാൽ ആയതിനനുസൃതമായി ചട്ടങ്ങൾ കൊണ്ടുവരുകയോ കേരള മോട്ടോർ വാഹന ചട്ടങ്ങൾ പരിഷ്ക്കരിക്കുകയോ ചെയ്യണമെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

സൈക്കിൾ യാത്രക്കാരായ കുട്ടികൾ സൈക്കിൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷ മാനദണ്ഡങ്ങളും ട്രാഫിക് നിയമങ്ങളെയും സംബന്ധിച്ച് വിവിധ വകുപ്പുകൾ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി പൂർണ്ണ സുരക്ഷ ഉറപ്പ് വരുത്താൻ കുട്ടികളെ സജ്ജരാക്കണം. അതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ്, പോലീസ്, ട്രാൻസ്പോർട്ട് വകുപ്പ് എന്നിവർ സ്വീകരിക്കേണ്ടതാണ്.

കുട്ടികൾ കൂടുതലായും സ്കൂളിൽ പോകാനും പുറത്ത് പോകാനും സൈക്കിൾ ഉപയോഗിക്കുന്നവരാണ്. അടുത്ത കാലത്തായി സൈക്കിൾ അപകടം നിമിത്തം ധാരാളം കുട്ടികൾ മരണപ്പെടുന്നു എന്ന വാർത്തകൾ മാധ്യമങ്ങളിൽ കൂടുതലാണ്. സൈക്കിൾ അപകടങ്ങൾ സംസ്ഥാനത്ത് തുടരുന്നതായും ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്തണമെന്നും ആവശ്യപ്പെട്ട് ബാലാവകാശ പ്രവർത്തക സുനന്ദ കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

# നീന്തൽ പരിശീലനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം

നീന്തൽ പരിശീലനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച് ബാലാവകാശ കമ്മീഷൻ ഉത്തരവായി. മുഴുവൻ സ്കൂൾ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഡയറക്ടറും നടപടി സ്വീകരിക്കണം. കുട്ടികൾ പുഴകളിലോ തടാകത്തിലോ, കിണറുകളിലോ വീണ് ജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിലൂടെ നിരവധി ജീവനുകൾ രക്ഷിക്കാൻ കഴിയുമെന്നു വിലയിരുത്തിയ കമ്മീഷൻ ഉപയോഗശൂന്യമായ പൊതുകിണറുകൾ നികത്താനും പൊതു സ്ഥലത്തെ കിണറുകൾക്ക് ഭിത്തി നിർമ്മിക്കാനും കുളങ്ങൾ സുരക്ഷിതമാക്കാനും നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയാണ് കമ്മീഷൻ അംഗം കെ. നസീർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലെ ഉപയോഗശൂന്യമായ പൊതുകിണറുകൾ നികത്തുകയും പൊതുകിണറുകൾക്ക് ഭിത്തി നിർമ്മിക്കുകയും ചെയ്യണം. കുളങ്ങൾക്കും മറ്റും കമ്പിവേലിയോ അപകടസാധ്യത ചൂണ്ടിക്കാട്ടിയുള്ള ബോർഡോ മറ്റ് സുരക്ഷാ മാർഗ്ഗങ്ങളോ ഉപയോഗിക്കണം. സ്വകാര്യ വ്യക്തികളുടെ കുളങ്ങളും തടാകങ്ങളും സംരക്ഷണ മതിലോ കമ്പിവേലിയോ കെട്ടി സുരക്ഷിതമാക്കേണ്ട ഉത്തരവാദിത്വം സ്ഥല ഉടമകൾക്കായിരിക്കും. ഇക്കാര്യം പാലിക്കുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം.

വീടുകൾക്കകത്തോ, വീടുമായി ബന്ധപ്പെട്ടോ നിർമ്മിക്കുന്ന നീന്തൽ കുളങ്ങൾക്കും ജലസംഭരണികൾക്കും സംരക്ഷണ വേലിയോ അപകടം ഒഴിവാക്കുന്നതിനാവശ്യമായ മറ്റു സുരക്ഷമാർഗ്ഗമോ ഏർപ്പെടുത്തണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അന്തിമ പ്ലാൻ അംഗീകരിച്ചു നൽകുന്നതിന് മുമ്പായി ഇക്കാര്യം ഉറപ്പാക്കണം. ഇതിനാവശ്യമായ വ്യവസ്ഥകൾ 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലും, മുനിസിപ്പാലിറ്റി റൂൾസിലും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും നഗരകാര്യം, പഞ്ചായത്ത് ഡയറക്ടർമാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചു.



വീടിനടുത്തുള്ള പുഴകൾ, തടാകങ്ങൾ, കിണറുകൾ, കുളങ്ങൾ എന്നിവയിൽ കുട്ടികൾ അപകടത്തിൽ പെടുന്നതും ജീവൻ നഷ്ടപ്പെടുന്നതും വർദ്ധിച്ചു വരുന്നു. കുട്ടികൾക്ക് ആവശ്യമായ സുരക്ഷയും സംരക്ഷണവും എല്ലാ മേഖലയിലും ഉറപ്പാക്കേണ്ടത് ആവശ്യമാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതെ നമ്മുടെ കുട്ടികളെ സുരക്ഷിതരാക്കാൻ വേണ്ട മാർഗ്ഗരേഖ പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടത്തുന്ന ദേശീയ ബോധവൽക്കരണ ക്യാമ്പയിനായ രക്ഷക് പദ്ധതിയുടെ കേരള സ്റ്റേറ്റ് അംബാസഡർ അമൽ സജി സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## മൂന്നാം കമ്മീഷൻ (2021–2023)



കെ. വി. മനോജ് കുമാർ
ചെയർപേഴ്സൺ

## അംഗങ്ങൾ



ഫാ. ഫിലിപ്പ് പാറക്കാട്ട് പി.വി



കെ. നസീർ



ബബിത. ബി



റെനി ആന്റണി



ശ്യാമളാ ദേവി പി.പി



സി. വിജയകുമാർ



അനിത ദാമോദരൻ
മെമ്പർ സെക്രട്ടറി




ദേശീയ ബാലാവകാശ കമ്മീഷൻ 2022 മാർച്ച് 4,5 തീയതികളിൽ കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് ബോപ്പാലിൽ, ദേശീയ തലത്തിൽ സംഘടിപ്പിച്ച ശില്പശാലയുടെ സമാപന പരിപാടിയിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ, അംഗങ്ങൾ, സെക്രട്ടറി എന്നിവർ ഉപഹാരം സ്വീകരിക്കുന്നു.

# കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾക്ക് കടുത്ത ശിക്ഷ!



പതിനാറുകാരിയെ മാനഭംഗപ്പെടുത്തിയ യുവാവിന് 30 വർഷം കഠിന തടവ്

പത്തുവയസ്സുകാരനോട് ലൈംഗികാതിക്രമം: 33 വർഷം തടവും രണ്ടുലക്ഷം പിഴയും

പട്ടാമ്പി ▸ പത്തുവയസ്സുകാരനോട് ലൈംഗികാതിക്രമം കാണിച്ചെന്ന കേസിൽ നാല്പതുകാരന് മുപ്പത്തിമൂന്നരവർഷം തടവും രണ്ടുലക്ഷംരൂപ പിഴയും വിധിച്ച് കോടതി.

ഒൻപതാം ക്ലാസ് വിദ്യാർഥിനിയെ പീഡിപ്പിച്ചു

പ്രതിക്ക് 10 വർഷം കഠിനതടവും പിഴയും

എട്ട് വയസ്സ് കാരിയെ പീഡിപ്പിക്കാൻ ശ്രമിച്ച പ്രതിക്ക് ഒമ്പത് വർഷം കഠിനതടവ്

തിരുവനന്തപുരം : എട്ട് വയസ്സുകാരിയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ പ്രതിക്ക് ഒമ്പത് വർഷം കഠിന തടവും മുപ്പതിനായിരം രൂപ പിഴയൊടുക്കാനും തിരുവനന്തപുരം അതിവേഗ സ്പെഷ്യൽ കോടതി വിധിച്ചു. ... 2015 ഫെബ്രുവരി 16 രാത്രി 7.30 നാണ് കേസിനാസ്പദമായ സംഭവം നടന്നത്.

നയ്യാറ്റിൻകര ● ഒൻപതാം ക്ലാസ് വിദ്യാർഥിനിയെ പീഡിപ്പിച്ച കേസിൽ അമ്പത്തിയാറുകാരന് ... വർഷം കഠിന തടവും 50,000 ... പിഴ ...

പത്താംക്ലാസുകാരിക്ക് പീഡനം; പ്രതിക്ക് 25 വർഷം കഠിനതടവും പിഴയും

തിരുവനന്തപുരം ▸ വിവാഹ വാഗ്ദാനം നൽകി പത്താംക്ലാസുകാരി പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ പ്രതിക്ക് 25 വർഷം കഠിനതടവ്. 50,000 രൂപ പിഴയും വിധിച്ചു. പിഴ ഒടുക്കിയില്ലെങ്കിൽ പ്രതി ഒരുവർഷം അധിക തടവ് അനുഭവിക്കണം. കുട്ടികൾക്കെതിരായ കേസുകൾ വിചാരണ ചെയ്യുന്ന പ്രത്യേക അതിവേഗ കോടതി ജഡ്ജി ആർ.ജയകൃഷ്ണനാണ് പ്രതിയെ ശിക്ഷിച്ചത്. വള്ളക്കടവ് വയ്യാമൂല സ്വദേശി അശ്വിൻ ബിജുവാണ് കേസിലെ പ്രതി. പെൺകുട്ടിയെ ഇയാൾ ക്രൂരമായി മർദിച്ചിരുന്നു. പെൺകുട്ടിയുടെ സ്വർണാഭരണവും പണവും കൈക്കലാക്കുകയും ചെയ്തു. പ്രോസിക്യൂഷനുവേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ...

താവിനെയും കൊലപ്പെടുത്തുമെന്ന ഭീഷണിയുണ്ടായിരുന്നതിനാൽ പെൺകുട്ടി തുടക്കത്തിൽ പരാതി പറഞ്ഞില്ല. പിന്നീട് ഒരു സംഭവത്തിൽ കൗൺസലിങ്ങിനു വിധേയമാക്കിയപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്. പ്രോസിക്യൂഷനു വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ... തങ്കയ്യ ഹാജരായി.

... (പോക്സോ) നിയമപ്രകാരം കേസ് രജിസ്റ്റർചെയ്തു. അന്നത്തെ ചാലിശ്ശേരി എസ്.ഐ. അനിൽമാത്യുവും ജനമൈത്രി ഓഫീസർമാരായ ശ്രീകുമാറും രതീഷും ... ലെ ജോലിക്കാരനായ പ്രതിയെ തന്ത്രപൂർവത്തിലൂടെ വീട്ടിൽനിന്ന് പിടികൂടുകയായിരുന്നു.

## പരാതികളും നിർദ്ദേശങ്ങളും അറിയിക്കേണ്ട വിധം

കമ്മീഷനെ സംബോധന ചെയ്ത് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ അനുബന്ധരേഖകളുടെ പകർപ്പ് സഹിതം താഴെക്കാണുന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫീസ് നൽകേണ്ടതില്ല. ഉത്തരവുകൾക്കും കൂടുതൽ വിവരങ്ങൾക്കും കമ്മീഷന്റെ വെബ്സൈറ്റ് www.kescpcr.kerala.gov.in സന്ദർശിക്കുക.

### വിലാസം


കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം – 695034, ഫോൺ : 0471 2326603, 2326604

ഇ-മെയിൽ: childrights.cpcr@kerala.gov.in

facebook.com/keSCPCRKerala   twitter.com/keSCPCR_Kerala



Published by the Secretary, Kerala State Commission for Protection of Child Rights

Editor: P. Syam Kumar, Public Relations Officer

Printed at C-Apt, Thiruvananthapuram

Designed by: CHAKRA